# അദ്ധ്യായം 10

# സ്വഭാവവും മനസ്സാക്ഷിയും

രണ്ട് കാര്യങ്ങളിലാണ് പൗലൊസ് തെറ്റായ ദൈവങ്ങളുടെ ക്ഷേത്രങ്ങളിൽ സമർപ്പിക്കപ്പെട്ട മാംസം ഭക്ഷിക്കുന്നതിനെ ന്യായീകരിക്കുന്നവരോട് എതിർക്കുന്നത്; (1) ബുദ്ധിയേറിയ നിർവചനങ്ങളും ജ്ഞാനത്തിന്റെ നിറവും സ്വയം-പ്രഖ്യാപിത അറിവിന്റെ പ്രവർത്തനത്തെ മാറ്റുന്നില്ല. ഏത് കാരണമടങ്ങിയ നിർവ്വചനത്തിലൂടെയും, വിഗ്രഹങ്ങൾ ഉള്ള ക്ഷേത്രത്തിൽ വെച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുകയും മിത്ഥ്യാമൂർത്തികളെ ആരാധിക്കുകയും അനുഷ്ഠാനങ്ങളിലെ ഭക്ഷണത്തിൽ പങ്കെടുക്കുകയോ ചെയ്യരുത്. ക്രിസ്തുവിനോടുള്ള അനുസരണത്തിന് ചേരുന്ന പ്രവൃത്തിയല്ല അവ. (2) മാനസികമായി വിശാലതയുള്ളവർക്ക് വിഗ്രഹാരാധനയെക്കുറിച്ച് അറിവുണ്ടെങ്കിൽ പോലും, അവരുണ്ടാക്കുന്ന വ്യത്യസ്തതയെ മനസിലാക്കുവാൻ ബലഹീനരായ ക്രിസ്ത്യാനികൾക്ക് സാധിക്കില്ല. ഒന്നുകിൽ ക്രിസ്ത്യാനികളിലുള്ള ഈ കപടത സഹിക്കാനാവാതെ ബലഹീനർ ക്രിസ്തുവിൽ നിന്ന് പിൻമാറി പോകുകയോ, അല്ലെങ്കിൽ മാനസിക വിശാലത ജ്ഞാനത്താൽ ഉള്ളവർക്ക് കഴിക്കുന്നതിൽ തെറ്റില്ലെന്ന് വാദിക്കുന്ന ഭക്ഷണത്തിൽ അവരും പങ്കാളികൾ ആയി എന്നു വന്നേക്കും. ജ്ഞാനം അവകാശപ്പെടുന്നവർ മൂലം ബലഹീനരുടെ വിശ്വാസം പാപത്തിലേക്ക് തിരിയുന്നു.

അവർ പറയുന്നത് ശരിയാണെങ്കിൽ പോലും, ജ്ഞാനം വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വെച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുവാൻ കാരണമാകുന്നു. അധികാരങ്ങളെ പ്രായോഗികമാക്കുന്നതിലും പ്രാധാന്യമുള്ളവയാണ് ബലഹീന സഹോദരങ്ങളുടെ ആത്മാക്കൾ. അപ്പോസ്തലൻ തന്നെ ഒരു ഉദാഹരണമായിയാണ് 9-ാം അദ്ധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്നത്. സുവിശേഷത്തോയോർത്ത് സാമ്പത്തിക സഹായം ലഭിക്കുവാനുള്ള തന്റെ അധികാരത്തെ അവൻ നിരസിച്ചതു പോലെ, ജ്ഞാനമുള്ള ക്രിസ്ത്യാനികൾ വിഗ്രഹാരാധനയിൽ പങ്കെടുക്കുവാനുള്ള അവരുടെ അധികാരങ്ങളെ നിരസിക്കണമെന്ന് ഓർപ്പിക്കുന്നു. അവന്റെ പ്രസ്താവനയെ സ്ഥാപിക്കുവാൻ, പൗലൊസ് തന്റെ ആദ്യ വാദത്തിലേയ്ക്ക് തിരിയുന്നു, പ്രധാനമായും, മാനസിക വിശാലതയെക്കുറിച്ച് പറഞ്ഞാലും വിഗ്രഹാരാധന എന്നുള്ളത് ജ്ഞാനികൾക്ക് കുറ്റബോധം ജനിപ്പിക്കുന്നതാണ്. അദ്ധ്യായം 10 എന്നുള്ളത് അദ്ധ്യായം 8ൽ അവതരിപ്പിച്ച ആശയങ്ങളിലേക്കുള്ള തിരിച്ചു വരവാണ്. വിഗ്രഹാരാധനയ്ക്ക് ബന്ധപ്പെട്ട ആചാരങ്ങളിൽ ക്രിസ്ത്യാനികൾ പങ്കെടുക്കുന്നതിലൂടെ, ബലഹീനരിൽ തെറ്റായ സ്വാധീനം ചെലുത്തി പാപം ചെയ്യുന്നു.

**"യിസ്രായേലിനെ ഓർക്കുക"**
**(10:1-5)**

**1സഹോദരൻമാരേ, നമ്മുടെ പിതാക്കൻമാർ എല്ലാവരും, മേഘ**

**ത്തിൻകീഴിൽ ആയിരുന്നു, എല്ലാവരും സമുദ്രത്തിലൂടെ കടന്ന്; [2]എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനംഏറ്റു മോശെയോടു ചേർന്നു; [3]എല്ലാവരും ഒരേ ആത്മീക ആഹാരം തിന്നു; [4]എല്ലാവരും ഒരേ ആത്മീക പാനീയം കുടിച്ചു, അവരെ അനുഗമിച്ച ആത്മീക പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു. [5]എങ്കിലും, അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല; അവരെ മരുഭൂമിയിൽ തള്ളിയിട്ടുകളഞ്ഞു എന്ന് നിങ്ങൾ അറിയാതിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു.**

**വാക്യങ്ങൾ 1, 2.** റോമാ സാമ്രാജ്യത്തിലെ വിവിധ കേന്ദ്രങ്ങളിലേക്ക് ചിതറിപോയതിന് ശേഷം യഹൂദൻമാർ-അല്ലാത്തവരുടെ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായമാണ് അവർക്കുണ്ടായിരുന്നത്. ചിലർ മറ്റുള്ളവരിൽ നിന്നും അധികമായി തങ്ങളുടെ സ്ഥാനങ്ങളെ ജാതീയ സംസ്ക്കാരവുമായി ഇടകലർത്തിയിരുന്നു, സമൃദ്ധിയുള്ള വ്യാപാരിയോ കഴിവുള്ള ഒരു കരകൗശലപണിക്കാരനോ ആകുവാനാണ് അങ്ങനെ ചെയ്തത്. കുറേ കാലത്തിന് ശേഷം, ഈ യഹൂദ വ്യാപാരിയും ശില്പിയും തങ്ങളുടെ വ്യാപാര ലക്ഷ്യങ്ങളെ നേടുവാനായി വിവിധ ആചാരങ്ങളിലേക്ക് തിരിയുന്നു. പൗലൊസ് കൊരിന്തിലേക്ക് വരുന്നതിന് മുമ്പ്, യഹൂദൻമാർ യവനക്ഷേത്രങ്ങളിൽ കൂടി വന്നിരുന്ന വ്യാപാര സംഘങ്ങളിൽ അനേക വർഷങ്ങൾ പങ്കാളികളായിരുന്നു. അവർ മറ്റ് ശില്പികളോടൊപ്പം കൂടി വരുകയും സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുന്ന മാർഗങ്ങളെ പറ്റിയും പുതിയ നിയമങ്ങളെപ്പറ്റിയും ചർച്ച ചെയ്തു. ജാതീയ ക്ഷേത്രങ്ങളിൽ വച്ചുള്ള ഭക്ഷണത്തെ അവർ ന്യായീകരിച്ചതിൻ പ്രകാരം ആണ്. ഒരുപക്ഷെ പൗലോസ് മറ്റുള്ളവരേക്കാൾ തുറന്ന-മനസ്സുള്ള ഈ വ്യാപാരികൾ സുവിശേഷത്തെ സ്വീകരിക്കുന്നതായി ആകാം കണ്ടത്; പക്ഷെ അവരിൽ ചിലർ ക്രിസ്ത്യാനികളായി തീർന്നപ്പോൾ, പൊതുഭക്ഷണശാലയിൽ പങ്കാളികളാവുന്നത് തുടർന്നു.

വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ ഭക്ഷണം കഴിക്കുന്നതിന് അധികാരമുണ്ടെന്ന് അവകാശപ്പെട്ടിരുന്ന യഹൂദ ക്രിസ്ത്യാനികൾ രണ്ട് കാരണങ്ങളാലാണ് ബഹുമാനിക്കപ്പെട്ടിരുന്നത്. ആദ്യത്തേത്, യഹൂദർ എന്ന നിലയിൽ, ജാതീയ ക്രിസ്ത്യാനികളെക്കാൾ മോശയുടെ ന്യായപ്രമാണത്തെക്കുറിച്ച് അറിവുണ്ട്. രണ്ടാമത്തേത്, സമൃദ്ധനായ വ്യാപാരി എന്ന നിലയിൽ, സഭയുടെ ആവശ്യങ്ങളെ നിറവേറ്റുകയും സഭ കൂടുവാനായി ഭവനം തുറന്നു കൊടുത്തതും ഇവർ ആണ്. പൗലൊസ് ഇതെഴുതുമ്പോൾ, നമ്മുടെ പിതാക്കൻമാർ എല്ലാവരും മേഘത്തിൻ കീഴിൽ ആയിരുന്നു എല്ലാവരും സമുദ്രത്തിലൂടെ കടന്ന്, ക്രിസ്ത്യാനികളായിത്തീർന്ന യഹൂദൻമാരിൽ ഒരാളായി ആണ് പൗലൊസ് അവനെ പരിചയപ്പെടുത്തുന്നത് (റോമ. 9:3 നോക്കുക). ഇവിടെ ഉപയോഗിച്ചിരിക്കുന്ന ബഹുവചനമായ നമ്മുടെ എന്ന പദം പൗലൊസിനെയും കൊരിന്തിലുള്ള ക്രിസ്ത്യാനികളെയും ഉദ്ദേശിച്ചാണ്. ന്യായപ്രമാണത്തിൽ നിന്നും പൗലൊസ് ഉപയോഗിച്ച 9:9 ലെ ഉദാഹരണം ജാതികളായ ആളുകളെക്കാൾ കൂടുതൽ മനസിലാവുന്നത് യഹൂദ ക്രിസ്ത്യാനികൾക്കാണ്.

കാൾ ഹൊല്ലാഡെയാണ് ഈ പ്രസ്താവന നടത്തിയത്: "ആർക്കും ഇല്ലാത്ത ചില അധികാരങ്ങളാണ് തങ്ങൾക്കുള്ളത് എന്ന് ചില കൊരിന്ത്യർ ദൈവമുമ്പാകെ വിശ്വസിച്ചിരുന്നു: ഈ പദവിയാൽ അവർ ആരാലും ചോദ്യം ചെയ്യപ്പെടുകയില്ല എന്നും കരുതി."[1] യിസ്രയേൽ വാഴ്ത്തുന്ന സ്വഭാവത്തോട്

അനുനയപ്പെടുക എന്നത് അവരുടെ സ്വഭാവമായി ഹൊല്ലാഡെ ചൂണ്ടിക്കാണിക്കുമ്പോൾ, അപ്പോസ്തലൻ യഹൂദമതത്തിൽ നിന്നും ക്രിസ്ത്യാനികളായ യഹൂദൻമാർക്കാണ് എഴുതുന്നത് എന്നത് വ്യക്തമാക്കുന്നതിൽ അവൻ പരാജയപ്പെട്ടു. യിസ്രയേൽ മക്കൾ ചെങ്കടൽ കടക്കുമ്പോൾ വെള്ളത്താൽ ചുറ്റപ്പെടും എന്നുള്ള പൗലൊസിന്റെ വാദത്തിന് വളരെയധികം പ്രാധാന്യമുണ്ട് (പുറ. 14:21, 22). മിസ്രയിമിന്റെ പടയാളികളെ ദൈവജനത്തിൽ നിന്നും വേർപെടുത്തിയിരുന്ന മേഘം മുകളിലും; ഇരുവശത്തും വെള്ളം മതിലുപോലെയും നിന്നു.

മിസ്രയിമിന്റെ അടിമത്വത്തിൽ നിന്നും സീനായി പർവ്വതത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ആളുകൾ കടന്നത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. യിസ്രയേൽ എന്നതിന്റെ ദൃഷ്ടാന്തമായി ആണ് ഫറവോന്റെ മേൽനോട്ടത്തിൽ നിന്നും ദൈവത്തിന്റെ മേൽനോട്ടത്തിലേക്ക് ഒരു പുതിയ ജാതി കടന്നു, മോശെയിലൂടെ അന്ന് പ്രാവർത്തികമായി. പൗലൊസ് യിസ്രായേലിന്റെ യാത്രയെ പാപത്തിന്റെ അടിമത്വത്തിൽ നിന്നും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യമാണ് എത്രത്തോളം താരതമ്യപെടുത്തുന്നു എന്നുള്ളത് അനിശ്ചിത്വത്തിലെങ്കിലും, യിസ്രായേലിന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട സംഭവങ്ങളിൽ ഒന്നാണ്. ചെങ്കടൽ കടക്കുന്നതെന്ന് അവൻ വ്യക്തമാക്കുന്നു. ദൈവവുമായിട്ട് യിസ്രാലേിനുള്ള ബന്ധം ചെങ്കടൽ കടന്നതിലൂടെ മാറിയതുപോലെ, രക്ഷിക്കപ്പെട്ടവരെ അവിശ്വാസികളിൽ നിന്നും വേർതിരിയുന്ന രേഖയാണ് സ്നാനം. ദൈവദാസനായ മോശെ ന്യായപ്രമാണം നൽകിയവനായി, കൂടാതെ യിസ്രായേൽ മക്കൾ അവനോട് കടപ്പെട്ടവരുമായി ക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടെ നിഴലുകളായിട്ടാണ് യിസ്രയേലിന്റെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ കാണുന്നത്, അതുകൊണ്ടാണ് പൗലൊസ് പറഞ്ഞത് ഒരു രാജ്യം മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു.

നാലു വാക്യങ്ങളിലായി അഞ്ച് പ്രാവശ്യം, പൗലൊസ് ചെങ്കടലിലെ സംഭവങ്ങളോട് ബന്ധപ്പെട്ട് എല്ലാവരും (πάντες, *പാന്റെസ്*) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. യിസ്രായേലിനെ സംബന്ധിച്ച് ഈ സംഭവങ്ങൾ അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനതയാണെന്ന് തെളിയിക്കുന്നവയായിരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ പൗലൊസ് വാദിച്ചത്, യിസ്രായേലിന്റെ ആത്മ സംതൃപ്തിയെ പ്രദർശിപ്പിച്ചു എന്നാണ്. കൊരിന്തിലുള്ള ക്രിസ്ത്യാനികൾ വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിലൂടെ യിസ്രായേലിന് മരുഭൂമിയിൽ ലഭിച്ച അതേ ന്യായവിധി ക്രിസ്തുവിന്റെ ശരീരത്തിലും കൊണ്ടുവരുന്നു.

**വാക്യം 3**. ദൈവം കൊരിന്തിലുള്ള ക്രിസ്ത്യാനികളുടെ ജീവിതത്തിൽ രണ്ട് മാർഗങ്ങളിലൂടെ അവനെ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു എന്ന് അവർ അറിഞ്ഞിരുന്നു. സ്നാനം, മാനസാന്തരത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസത്തോട് ബന്ധപ്പെട്ടുള്ളത്, അവന്റെ പുത്രന്റെ യാഗത്താൽ ദൈവകൃപയാൽ പാപക്ഷമയ്ക്ക് കാരണമാകുന്നു. യിസ്രായേലിന്റെ ദൈവത്തോട് ഒരുമിച്ചുള്ള ജീവിതം ആരംഭിച്ചത് മോശെയോടൊപ്പമുള്ള സ്നാനത്തോടെയാണ്; കോരിന്തിലെ ക്രിസ്ത്യാനികളുടെ ദൈവത്തോട് ഒരുമിച്ചുള്ള ജീവിതം ആരംഭിച്ചത് പാപക്ഷമയുള്ള മുഴുകൽ സ്സാനം വെള്ളത്തിൽ ഏറ്റപ്പോഴാണ് (പ്രവൃ. 2:38; 22:16). സ്നാനം എന്ന മാധ്യമത്തിലൂടെ രക്ഷിക്കുവാനാണ് ദൈവം പ്രവൃത്തിച്ചത്.

സ്നാനത്തോടൊപ്പം, സഭയ്ക്കു ദൈവം തിരുവത്താഴവും നൽകി. ഇതി

ലൂടെ ക്രിസ്ത്യാനികൾക്കും വിശ്വാസത്താൽ ജീവിക്കുവാനുള്ള ശക്തിയും അവൻ നല്കി. യിസ്രയേല്യർ മരുഭൂമിയിൽ വ്യത്യസ്ത തരം സ്നാനം ഏറ്റതു പോലെ സാക്ഷി, പ്രത്യേകതരം തിരുവത്താഴവും സ്വീകരിച്ചു. ചെങ്കടലിൽ കൂടെ കടന്നു വന്ന എല്ലാവരും ഒരേ ആത്മീക ആഹാരം തിന്നു, എന്ന് പൗലൊസ് എഴുതി. യിസ്രായേൽ മക്കളുടെ നിലനിൽപ് ദൈവം കൊടുത്ത മന്നായിലും (പുറ. 16:4, 31) പാറയിൽ നിന്നുള്ള വെള്ളത്തിലുമായിരുന്നു (പുറ. 17:6 ലെ പോലെ). അതുപോലെ, പൗലൊസിന്റെ പ്രസ്താവന, ക്രൂശിനെ പ്രതിഫലിപ്പിച്ച് വിശ്വാസികളുടെ ഐക്യത്തെ ഒരുമിപ്പിക്കുന്ന ആത്മീക ആഹാരത്തിലൂടെയും പാനീയത്തിലൂടെയും ദൈവം സഭയെ നിലനിർത്തുന്നു. യോഹന്നാൻ 6:31–51 ൽ, മരുഭൂമിയിലെ മന്നായെക്കുറിച്ച് യേശു പരാമർശിച്ചു. ആ വേദഭാഗത്തിലെ അവന്റെ ഭാഷ്യം തിരുവത്താഴത്തെ ഓർമ്മിപ്പിക്കുന്നതാണ്. മന്നാ എന്നത് യേശുവിനെ കുറിച്ചുള്ള, നിഴലോ, പ്രതീകമോ ആയിരുന്നു. യോഹന്നാൻ 6:35 ൽ യേശു പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല.

**വാക്യം 4**. മൂന്ന് പ്രാവശ്യം 10:3, 4, വാക്യങ്ങളിൽ പൗലൊസ് ഉപയോഗിച്ചിരിക്കുന്ന പദമാണ് ആത്മീകം (πνευματικός, ന്യൂമാറ്റികോസ്). യിസ്രായേൽ "ആത്മീക ആഹാരം" ഭക്ഷിക്കുകയും കുടിച്ചതു ... ആത്മീക പാനീയം, കൂടാതെ അവരെ അനുഗമിച്ച ആ പാറ ആത്മീകം ആയിരുന്നു. എന്താണ് അപ്പോസ്തലൻ ഈ ആലങ്കാരിക പദം കൊണ്ട് അർത്ഥമാക്കുന്നത് "അക്ഷരികം-അല്ലാത്തത്" എന്നാണ്. ക്രിസ്ത്യാനികൾ കെട്ടു പണി ചെയ്യുന്നത് ഒരു ആത്മീക ഗൃഹവും യാഗം കഴിക്കുന്നത് "ആത്മീക" യാഗങ്ങളുമാണ്, അല്ലാതെ ആത്മീകമായി മൃഗങ്ങളെ യാഗംകഴിക്കുകയല്ല (1 പത്രോ. 2:5).

പൗലൊസിന്റെ മുഴുവൻ ലേഖനങ്ങളും കൂട്ടിചേർത്താലും "ആത്മീകം" എന്ന പദം 1 കൊരിന്ത്യരിൽ ആണ് കൂടുതൽ പരിചയപ്പെടുത്തിയിരിക്കുന്നത്. അവൻ ആളുകളെ കുറിച്ച് "ആത്മീകർ" (2:15) എന്നും, കൂടാതെ പട്ടണത്തിലുള്ള വിശ്വാസികളെ പഠിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തതിനെ കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട് (9:11). കൊരിന്ത്യർക്ക് "ആത്മീക" വരങ്ങൾ ഉണ്ടായിരുന്നു (12:1; 14:1), കൂടാതെ അവർ വരും നാളുകളിൽ ലഭിക്കുവാനുള്ള "ആത്മീക" ശരീരങ്ങൾക്കായി കാത്തിരുന്നു (15:44, 46). തീർച്ചയായും, അപ്പോസ്തലൻ മനസിലാക്കിയിരുന്നു ചില കാര്യങ്ങൾ "ആത്മീകം" ആണ് ദൈവത്തിന് വേണ്ടി ഉപയോഗിക്കുമ്പോൾ. ഭക്ഷണം, പാനീയം, പാറ എന്നീ മരുഭൂമിയിൽ യിസ്രായേലിനെ പിന്തുടർന്നവ സാധാരണ കാര്യങ്ങളായിരുന്നില്ല. അവ കൊടുത്തിരുന്ന മാർഗ്ഗവും വിളമ്പിയിരുന്ന ഉദ്ദേശ്യവും ദൈവീക പദ്ധതിയിൽ ഉൾപെട്ടതായിരുന്നു. എന്തായിരുന്നാലും, പൗലൊസ് "ആത്മീകം", എന്ന പദം ഉപയോഗിച്ചിരുന്നത് "അക്ഷരികം-അല്ലാത്തത്" എന്ന അർത്ഥക്കിലായിരിക്കും, പത്രോസ് ഉപയോഗിച്ച രീതിയിൽ-ആത്മീക ശരീരം എന്ന് 15:39–50 ൽ പറയുന്നത് "അക്ഷരീകം-അല്ലാത്തത്" ആവാം, അത്, ജഡവും രക്തവും (15:50) അല്ല. യിസ്രായേലിനെ മരുഭൂമിയിൽ പിന്തുടർന്നു വന്നിരുന്ന ആത്മീക പാറ ഒരു അക്ഷരികമായ പാറ അല്ലായിരുന്നു.

പൗലൊസ് "ആത്മീക ആഹാരം" എന്നും "ആത്മീക പാനീയം" എന്നും പറഞ്ഞ് നിർത്തുകയായിരുന്നു എങ്കിൽ, നമ്മൾ തുടർന്നും വായിച്ചു കൊണ്ടിരുന്നേനെ; പക്ഷെ അവൻ കൂട്ടിച്ചേർത്തു, അവരെ അനുഗമിച്ച ആത്മീക പ

ാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു. ഈ പ്രസ്താവനയിൽ വേദപുസ്തക വ്യാഖ്യാനത്തിന്റെ അസ്വഭാവികമായ ഒരു ശൈലിയാണ് അവൻ ഉപയോഗിച്ചത്. പഴയ നിയമത്തെ പൗലൊസ് ഉപമയായോ, ഒരു പക്ഷേ അലങ്കാരമായോ വ്യാഖ്യാനിക്കുകയായിരുന്നുവോ? മരുഭൂമിയിൽ യിസ്രായേലിനെ പിന്തുടർന്നു വന്നിരുന്ന ഒരു പാറയെ കുറിച്ച് പഴയ നിയമം ഒന്നും പറയുന്നില്ല. എന്താണ് പൗലൊസിന്റെ വാദത്തിന്റെ ഉറവിടം, കൂടാതെ എന്തുകൊണ്ടാണ് പൗലൊസ് അങ്ങനെ പറഞ്ഞത് “ആ പാറ ക്രിസ്തു ആയിരുന്നു” എന്ന്?

ഡേവിഡ് ഇ. ഗാർലെന്റ് ചില സാധ്യതകളുടെ പട്ടിക നിരത്തിയിട്ടുണ്ട്, യിസ്രായേലിനോടുള്ള ദൈവിക സ്ഥിരതയും കരുതലും ആണ് പാറ എന്നതിലൂടെ ഉദ്ദേശിക്കുന്നത്.[2] യിസ്രായേൽ മക്കളുടെ യാത്രയുടെ ആരംഭത്തിലും അവസാനത്തിലും ദൈവം പാറയിൽ നിന്നും അവർക്ക് വെള്ളം കൊടുത്തു (പുറ. 17:6; സംഖ്യ. 20:8). ദൈവം തുടർച്ചയായി തന്റെ ജനത്തോടൊപ്പം ഉണ്ടായിരുന്നു, അവരുടെ ആവശ്യങ്ങളെ നിറവേറ്റി കൊണ്ട്, ... വർഷങ്ങളോളം. പൗലൊസ് ദൈവത്തെ ആലങ്കാരികമായി പാറ എന്ന രീതിയിൽ പരിചയപ്പെടുത്തിയതായിരിക്കാം (ആവ. 32:4) നാല്പതു വർഷ കാലഘട്ടം തന്റെ ജനത്തെ പിൻതുടർന്ന് ആവശ്യങ്ങളെ നിറവേറ്റി എന്നതിനാൽ. കൂടാതെ, യേശു ദൈവമാണെന്ന് പൗലൊസും മറ്റ് പുതിയ നിയമ എഴുത്തുകാരും മനസിലാക്കിയിരുന്നു. പഴയ നിയമത്തിൽ ദൈവം എന്തെല്ലാം പ്രവൃത്തികൾ ചെയ്തുവോ അതിൽ ക്രിസ്തുവിന്റെ പ്രവൃത്തിയും ഉൾപ്പെട്ടിട്ടു. യോഹന്നാൻ സുവിശേഷം ആരംഭിക്കുമ്പോൾ ആദിയിൽ ദൈവത്തോടൊപ്പം യേശു ഉണ്ടായിരുന്നു എന്ന് പ്രസ്താവിച്ചുകൊണ്ട് ദൈവീകതെ കാണിക്കുന്നു (യോഹ. 1:1). യിസ്രായേലിനെ അനുഗമിച്ച ഒരു പാറയായി കാണാവുന്നതാണ്. പഴയ നിയമത്തെ കുറിച്ചും, യേശുവെന്ന വ്യക്തിയെക്കുറിച്ചും പൗലൊസിനുള്ള അറിവിന്റെ അടിസ്ഥാനത്തിലാണ് അവൻ ഇങ്ങനെ ഒരു ധാരണയിൽ എത്തിയത്.

**വാക്യം 5**. യിസ്രായേൽ ജനത ദൈവത്തിൽ നിന്നും ധാരാളം അനുഗ്രഹങ്ങളെ പ്രാപിച്ചിരുന്നു. അവൻ അവരെ തന്റെ ജനമായി തിരഞ്ഞെടുത്തിരുന്നു; ചെങ്കടലിൽ അവർ പ്രത്യേകതരം സ്നാനം അനുഭവിച്ചു. ആത്മീക ആഹാരവും പാനീയവും നൽകിയാണ് ദൈവം അവരെ കരുതിയത്, അവനിൽ നിന്ന് പലപ്പോഴും പിൻതിരിഞ്ഞു പോയിട്ടു പോലും. ആയതിനാൽ, പല കഷ്ടതളും അവർ നേരിട്ടു: അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു. കൊരിന്ത്യർക്കൊരു താക്കിതായി ആണ് യിസ്രയേലിന്റെ വിഗ്രഹാരാധനയും ശിക്ഷയും ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. യിസ്രായേലിനെ ദൈവം എങ്ങനെ മാറ്റിയോ അതുപോലെ ജാതീയ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്ന ക്രിസ്ത്യാനികളെയും മറ്റും ഇക്കാര്യത്തിൽ ഏറ്റവും നല്ല ഉദാഹരണമായി ആണ് യിസ്രായേലിനെ കാണിച്ചിരിക്കുന്നത്.

വിഗ്രഹാരാധനയോ മറ്റു പാപമോ ഒരു കാരണവശാലും അംഗീകരിക്കുവാനോ ക്ഷമിക്കുവാനോ സാധിക്കുകയില്ല. ഒരു കള്ളൻ, ഒരു വ്യഭിചാരി, അല്ലെങ്കിൽ ഭോഷ്ക് പറയുന്നവർ എന്നിവർ തങ്ങളുടെ സാഹചര്യങ്ങളെ ന്യായീകരിച്ചു ക്ഷമ യാചിച്ചു എന്നു വരാം. എന്നാൽ യാതൊരു വിധത്തിലുള്ള പരിഗണനയും-ജ്ഞാനം, സ്നേഹം, അല്ലെങ്കിൽ ആവശ്യം എന്നിവ കൊണ്ടാ-ഒരു പാപപ്രവൃത്തിയെ അംഗീകരിക്കുവാൻ സാധിക്കുകയില്ല. വിഗ്രഹങ്ങൾ ഉള്ള ക്ഷേത്രങ്ങളിൽ വെച്ച് ക്രിസ്ത്യാനികൾ ഭക്ഷണം കഴിക്കുന്നത്ര,

മത്സരമൊന്നും ആയിരുന്നില്ല യിസ്രയേൽ മക്കൾ മരുഭൂമിയിൽ വിഗ്രഹങ്ങ ളിലേക്ക് തിരിഞ്ഞതിലൂടെ, ചെയ്തെന്നാണ് പൗലൊസ് ഇവിടെ കാണിച്ചു തരുന്നത്. വിഗ്രഹരാധാനയെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരത്തിലുള്ള ആചാ രങ്ങളിൽ പങ്കെടുക്കുന്ന രീതിയെ ദൈവീകസ്നേഹം കൊണ്ടോ പരിജ്ഞാനം കൊണ്ടോ മറച്ചു വയ്ക്കുവാൻ സാധിക്കുകയില്ല.

## നമുക്കായുള്ള ദൃഷ്ടാന്തങ്ങൾ
## (10:6-13)

**6ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു, അവർ മോഹിച്ചതുപോലെ
നാമും ദുർമോഹികൾ ആകാതിരിക്കേണ്ടതിനു തന്നെ. 7ജനം തിന്നുവാനും
കുടിക്കുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു എന്ന് എഴുതിയിരിക്കുന്ന
പ്രകാരം. 8അവരിൽ ചിലരെപ്പോലെ; നിങ്ങൾ വിഗ്രഹാരാധികൾ ആകരുത്.
അവരിൽ ചിലർ പരസംഗം ചെയ്തു, ഒരു ദിവസത്തിൽ ഇരുപത്തിമൂവാ
യിരം പേര് വീണുപോയതുപോലെ, നാം പരസംഗം ചെയ്യരുത്. 9അവരിൽ
ചിലർ പരീക്ഷിച്ചു, സർപ്പങ്ങളാൽ നശിച്ചു പോയതുപോലെ, നാം കർത്താ
വിനെ പരീക്ഷിക്കരുത്. 10അവരിൽ ചിലർ, പിറുപിറുത്തു സഹോരിയൽ
നശിച്ചു പോയതുപോലെ, നിങ്ങൾ പിറുപിറുക്കുകയുമരുത്. 11ഇതു ദൃഷ്ടാ
ന്തമായി അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന ന
മുക്കു ബുദ്ധിയുപദേശത്തിനായി, എഴുതിയുമിരിക്കുന്നു. 12ആകയാൽ താൻ
നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കുവാൻ നോക്കികൊള്ളട്ടെ.
13മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വ
സ്തൻ, നിങ്ങൾക്കു സഹിക്കുവാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ,
അവൻ പോക്കുവഴിയും ഉാക്കും.**

വിഗ്രഹാരാധനയിലേക്ക് യിസ്രായേൽ മക്കൾ വീണു പോയ കഥ പൗലോസ് പറയുവാനുള്ള ഒരു കാരണമുണ്ട്. ഭൂതകാലത്ത് നടന്ന സംഭവ ങ്ങൾക്ക് മൂല്യമുണ്ടെന്ന് പൗലൊസ് രണ്ടു പ്രാവശ്യം തന്റെ വായനക്കാരോട് പറയുകയുണ്ടായി; അവ ഓരോന്നും ബുദ്ധിയുപദേശത്തിനുള്ള ദൃഷ്ടാന്ത ങ്ങളാണ് (10:6, 11). വിഗ്രഹാരാധനയെക്കുറിച്ചുള്ള പൗലൊസിന്റെ താക്കീത് കാണുമ്പോൾ ഭിന്നതുയുള്ള ഒരു സഭയുടെ അടിയൊഴുക്ക് മനസിലാക്കാവു ന്നതാണ്. ചിലർ പൗലൊസിനെയും മറ്റ് ചിലർ അപ്പൊല്ലോസിനെയും മന സിൽ ലച്ചിരുന്നത് മറ്റ് നിലകളിലുള്ള ഭിന്നതയെ കാണിക്കുന്നു. മതപരമായ കാര്യങ്ങൾക്ക് വളരെയധികം പ്രാധാന്യം കൊടുക്കുന്നവർ ആയിരുന്നു കൊരി ന്തിലുള്ളത്. അവർ വ്യത്യസ്ത തട്ടുകളിൽ ആയിരുന്നു സമ്പത്ത്, രാഷ്ട്രീയ നിലപാട്, വിദ്യാഭ്യാസം എന്നീ മേഖലകളിൽ-പാരമ്പര്യമായി അവരിൽ കൂടു തൽ പേരും യഹൂദൻമാർ ആയിരുന്നു. മരുഭൂമിയിൽ യിസ്രായേൽ മക്കൾക്ക് സംഭവിച്ചത് ജാതികളിൽ ചിലർക്കെങ്കിലും അറിയാമായിരുന്നിരിക്കണം, പക്ഷെ പൗലൊസ് ഈ സംഭവത്തെ ഇവിടെ ബന്ധിപ്പിക്കുവാനുള്ള കാരണം യഹൂദരായ വിശ്വാസികളാണ്. കൊരിന്തിലെ സഭയുടെ നേതൃത്വം യഹൂദ ക്രിസ്ത്യാനികളുടെ കയ്യിൽ ആയിരുന്നു. പട്ടണത്തിന്റെ മതപരമായ കാലാ വസ്ഥയിലേക്ക് യഹൂദൻമാർ അവരെ യോജിപ്പിച്ചു. അവർ ചിന്തിച്ചിരുന്നത് ക്രിസ്ത്യാനികൾ ആകുന്നതുകൊണ്ട് അവരുടെ പട്ടണങ്ങളിലെ ക്ഷേത്രങ്ങളും

ദൈവങ്ങളുമായുള്ള ബന്ധത്തിന് യാതൊരു മാറ്റവും ഇല്ലെന്നാണ്.

**വാക്യം 6**. യിസ്രയേല്ല്യരുടെ വിഗ്രഹാരാധന കൊരിന്തിലുള്ള വിശ്വാസികൾക്ക് നല്ല ഒരു പാഠം ആയിരുന്നു. യിസ്രയേല്ല്യരുടെ പാപവും അനന്തര കഷ്ടതകളും വരാനുള്ള തലമുറകൾക്കുള്ള ദൃഷ്ടാന്തമായിരുന്നു. അതേ വിഗ്രഹാരാനയുടെ മാർഗ്ഗം സ്വീകരിക്കരുതെന്നുള്ള താക്കീതായിരുന്നു അവ.

അപ്പോല്തലൻ ഇങ്ങനെ എഴുതി, ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു. മരുഭൂമിയിലെ ദൈവജനത്തിന്റെ സ്വഭാവും കൊരിന്ത് സഭയുടെ സ്വഭാവവും, സമാന്തരമായി പോകുന്നതല്ല എങ്കിലും, യിസ്രയേല്ല്യരുടെ അനുഭവം ഒരു താക്കീതായി പറയുവാനുള്ള സാദൃശ്യം അപ്പോസ്തലൻ കണ്ടെത്തിയിരുന്നു. ദുർമ്മോഹികൾ എന്നതിൽ വിഗ്രഹാരാധനയും ദൈവത്തോടുള്ള അനുസരണകേടിന്റെ ഫലവും ഉൾപ്പെട്ടിരിക്കുന്നു.

**വാക്യങ്ങൾ 7, 8**. സ്നാനത്തിന്റെയും തിരുവത്താഴത്തിന്റെയും പ്രാധാന്യം ക്രിസ്ത്യാനികൾക്ക് മനസിലാകുവാനാണ് പൗലൊസ് പഴയ നിയമ സംഭവങ്ങളെ ഉപയോഗിച്ചിരിക്കുന്നത്.[3] അവന്റെ പെട്ടെന്നുള്ള ആവശ്യം, എങ്ങനെയെങ്കിലും, വിഗ്രഹാരാധനയുടെ അപകടം തന്റെ വായനക്കാരെ മനസിലാക്കുക എന്നതാണ് (8:1). വിഗ്രഹാരാധികൾ ആകരുത്, അവരിൽ ചിലരെപ്പോലെ, അവൻ അപേക്ഷിച്ചു. അപ്പോസ്തലൻ ഇവ തമ്മിൽ ഒരു വ്യത്യാസം ഉണ്ടാക്കി εἰδωλολάτραι, (*ഇഡൊലെയോട്രായി*), "വിഗ്രഹാരാധികർ" അവർ തന്നെ, കൂടാതെ εἰδωλόθυτον, (*ഇഡൊലൊസൂറ്റോൻ*; 10:19) അല്ലെങ്കിൽ ἱερόθυτον, (*ഫിറൊതുറ്റോമൻ*; 10:28), വിഗ്രഹാർപ്പിതം. ആദ്യ പദം, യിസ്രയേല്യരെ സൂചിപ്പിക്കുകയാണെങ്കിൽ, ഒരു വിഗ്രഹത്തെ ആരാധിക്കുന്നവർ എന്നർത്ഥം. മറ്റ് രണ്ടു പദങ്ങളുടെയും അർത്ഥം വിഗ്രഹാർപ്പിതം എന്നാണ്. മലിനമായ മാംസത്തിന് ഈ രണ്ടു പദവും ഉപയോഗിക്കാറില്ല. കാരണം മതപരമായ ശുശ്രൂഷകർക്കാണ് ഇവ ഉപയോഗിച്ചിരുന്നത്. ഈ മാംസത്തെ എന്തു ചെയ്തുവെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു.

വിഗ്രഹാരാധനയെ യിസ്രായേല്യർ ഗൗരവമായി കണ്ടിരുന്നില്ല. അവർ തിന്നുവാനും കുടിക്കുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു. ഇതിന് വിപരീതമായി, കൊരിന്ത്യർ വിഗ്രഹാരാധനയും വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതും തമ്മിൽ ബുദ്ധിപരമായ വേർതിരിവുണ്ടാക്കുവാൻ ശ്രമിച്ചു. വിഗ്രഹങ്ങളിൽ വിശ്വസിക്കുന്നവർ മാത്രമെ വിഗ്രഹരാധികൾ ആകു എന്നവർ വാദിച്ചു. അതിന്റെ ഫലമായി, മാറ്റത്തിന്റെ ആവശ്യാകതയെ അവർ നിരാകരിച്ചു. അവർ മാനസാന്തരത്തിന് അതീതർ ആയിരുന്നു കാരണം അവർ ചെയ്യുന്നത് ദൈവത്തിന് എതിരെയുള്ള പ്രവൃത്തിയാണെന്നോ അല്ലെങ്കിൽ അവരുടെ ജീവിതത്തിൽ നിന്നു ഈ പാപ പ്രവൃത്തിയെ നീക്കണമെന്നോ അവർ ചിന്തിച്ചിരുന്നില്ല.

പൗലൊസ് ഉദ്ധരണിയായി എടുത്തിരിക്കുന്ന വേദഭാഗം, പുറപ്പാട് 32:6, ജനത്തിന്റെ വിഗ്രഹാരാധനയെക്കുറിച്ച് പരാമർശിക്കുന്നു കൂടാതെ അവർ "തിന്നുവാനും കുടിക്കുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു." വിഗ്രഹാരാധനയും അസാൻമാർഗ്ഗികതയും ഒരുമിച്ചായിരുന്നു, അവിടെയുണ്ടായിരുന്ന ദൈവങ്ങൾ യിസ്രയേല്യരുടെയോ, കനാന്യരുടേയോ, യവനക്കാരുടേയോ ആണെങ്കിൽ പോലും. പ്രമാവസ്യർ, അമോന്യർ, അമോര്യർ കൂടാതെ മറ്റ് കനാന്യർ വിവിധ പേരുകളാണ് അവരുടെ ദേവൻമാർക്ക് നൽകിയിരുന്നത്; പക്ഷേ പേരുകൾ വ്യത്യസ്തമായിരുന്നു എങ്കിലും; സമൃദ്ധിയുടെ ദേവൻമാർ എല്ലാറ്റിലും ഒരുപോലെയായിരുന്നു. യിസ്രയേലിന് ചുറ്റുമുള്ള ആളുകളുടെ

ദൈവങ്ങൾ പ്രകൃതിയോട് ബന്ധപ്പെട്ടവർ ആയിരുന്നു. മഴ പെയ്യിക്കുവാനോ മിന്നലടിക്കുവാനോ കാരണമാകുന്നവർ മാത്രമായിരുന്നില്ല ജാതീയ ദേവന്മാർ, അവർ മഴയും ഇടിമിന്നലും ആണെന്നാണ് ആളുകൾ വിശ്വസിച്ചിരുന്നത്. വിളകളുടെ കൊയ്ത്തും ആടുകളുടെയും പക്ഷികളുടെയും പെരുപ്പവും ബന്ധപ്പെട്ടിരുന്നത് ഈ ദൈവങ്ങളിലാണെന്നാണ് ആളുകൾ വിശ്വസിച്ചിരുന്നത്. യവന പട്ടണമായ കൊരിന്തിൽ അസാൻമാർഗ്ഗീകതയും ഒരുമിച്ചു നടമാടി, കനാനിലും യിസ്രയേലിലും അവ എങ്ങനെയായിരുന്നുവോ അതുപോലെ. മോഹവും. നായപ്രമാണം പർവ്വതത്തിൽ വച്ച് സ്വീകരിച്ച് യിസ്രായേൽ വിശുദ്ധജനമാണെന്ന് തെളിയിച്ചപ്പോൾ പോലും, ജനം അസൻമാർഗ്ഗികത ഉൾപ്പെടുന്ന വിഗ്രഹാരാധനയിൽ മുഴുകിയിരിക്കുകയായിരുന്നു.

സീനായിലെ വിഗ്രഹാരാധനയിൽ നിന്നും മാറിയപ്പോൾ അപ്പോസ്തലൻ പ്രധാന വിഷയത്തിൽ നിന്നും അല്പം മാറി, യിസ്രയിലിൽ നിന്നുള്ള യിസ്രായേലിന്റെ രക്ഷപെടലിന് ശേഷം ഉടൻതന്നെ, വോവസിലെ വിഗ്രഹാരാധനയിലേയ്ക്കു വന്നു, മറ്റുള്ള പ്രയാണത്തിന്റെ അവസാനഭാഗത്ത് (സംഖ്യ. 25). അവരുടെ വിഗ്രഹാധനയും അസൻമാർഗ്ഗികതയും കാരണം, ദൈവം ഒരു ബാധ അയച്ചു. ഏകദേശം 23,000[4] പേർ യിസ്രായേലിൽ ഒരു ദിവസത്തിൽ നശിച്ചു.

**വാക്യം 9**. എങ്ങനെയാണോ യിസ്രായേല്യർ കർത്താവിനെ പരീക്ഷിച്ചത് മരുഭൂമിയിൽ, അതുപോലെ ചില കൊരിന്ത്യർ യേശു കർത്താവിനെ പരീക്ഷിക്കുന്നു. വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വച്ച് ക്രിസ്ത്യാനികൾ മാംസം കഴിക്കുമ്പോൾ, അവർ യേശുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. മരുഭൂമിയിൽ പരീക്ഷകൻ എതിരിട്ടപ്പോൾ, യേശു ഉദ്ധരിച്ചത് ആവ. 6:16; “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്” (മത്താ. 4:7), അനനസും സഫീറയും മരിച്ചതിന്റെ കാരണം അവർ “കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ തമ്മിൽ ഒത്തു” (പ്രവൃ. 5:9).

യിസ്രായേലിന്റെ ചരിത്രത്തിലെ വിവിധ മത്സര സാഹചര്യങ്ങളിലേക്കാണ് പൗലൊസ് ശ്രദ്ധ തിരിക്കുന്നത്. സിനായിൽ വെച്ച്, ആളുകൾ “കളിക്കുവാനായി എഴുന്നേറ്റു” (പുറ. 32:6). ബാൽപെച്ചോരിൽ വച്ച്, അവർ പ്രവൃത്തിച്ചു, “അസൻമാർഗ്ഗികമായി ... കൂടാതെ ഇരുപത്തി-മൂവായിരം പേർ ഒരു ദിവസത്തിൽ വീണുപോയി” (1 കൊ. 10:8; സംഖ്യ. 25:9 നോക്കുക). പല സാഹചര്യങ്ങളിലും യിസ്രായേലിന്റെ വിശ്വാസക്കുറവ് മത്സര പ്രവൃത്തികളിലേക്ക് നയിച്ചു. ഈ പ്രവൃത്തികളെല്ലാം വിഗ്രഹാരാധന ഉൾപ്പെട്ടതായിരുന്നില്ല. കനാന്യ രാജാവായ അരാംരാജാവിനെ പരാജയപ്പെടുത്തിയ ശേഷം, ആളുകൾ പരാതിപ്പെടുകയും സർപ്പങ്ങളാൽ നശിച്ചു പോകുകയും (സംഖ്യ. 21:6 നോക്കുക) ചെയ്തു. നേരിട്ടല്ലാതെ, തന്റെ വായനക്കാരോട് ഹൃദയം കൊണ്ട് ദൈവത്തെ അനുസരിക്കണമെന്ന് പൗലൊസ് ആവശ്യപ്പെടുന്നു. അവനെ പരീക്ഷിക്കുക എന്നത് ദുരന്തത്തെ ക്ഷണിക്കുന്നതാണ്.

**വാക്യം 10**. ദൈവത്തെ സേവിക്കുക മാത്രമല്ല കൊരിന്ത്യർ ചെയ്യേണ്ടതു, അവർ ദൈവത്തിനെതിരെ പിറുപിറുത്തു പ്രവൃത്തിക്കരുത്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പിറുപിറുപ്പ് (γογγύζω, ഗോൽഗുസോ) എന്ന പദം 1 കൊരിന്ത്യരിൽ മറ്റെങ്ങുമില്ല. യിസ്രായേലിന്റെ മരുഭൂ പ്രയാണത്തിലെ തുടർച്ചയായുള്ള സ്വഭാവമായിരുന്നു പിറുപിറുപ്പ് (പുറ. 15:24; സംഖ്യ. 14:36; 16:41). പിറുപിറുക്കുക എന്നത് അത്രക്ക് മോശമായ ശീലമാണോ? യിസ്രാ

യേൽ മരുഭൂമിയിൽ വച്ചു ചെയ്ത പാപങ്ങളിലും,ഏറ്റവും അപ്രധാനമായി കണ്ട പാപമാണ് ഇത്. ഒരു പക്ഷേ പൗലൊസ് ഇവിടെ ഇത് പ്രസ്താവിക്കുവാൻ കാരണം വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വച്ച് ആഹാരം കഴിക്കുവാൻ ആഗ്രഹിച്ചവർ അവനെതിരെ പിറുപിറുത്തതു കൊണ്ടാകാം. മറ്റൊരു സാധ്യത കൊരിന്ത് സഭയിലെ ഭിന്നതയുമായി ബന്ധപ്പെട്ട് പൊതുവായുള്ള പിറുപിറുപ്പിനെപ്പറ്റി അവൻ അറിഞ്ഞു എന്നതാവാം.

എങ്ങനെയാണോ മരുഭൂമിയിൽ ആളുകൾ പിറുപിറുത്തത്, അതുപോലെ കൊരിന്തിലുള്ളവരും ചെയ്തു, അവർക്കു കിട്ടിയ താക്കീതാണ് സംഹാരിയാൽ നശിച്ചു പോയതുപോലെ എന്നുള്ളത്. അപ്പൊസ്തലൻ പിന്നീട് സംഹാരി എന്നുള്ളതിനെപ്പറ്റി പറയുന്നില്ല. മിസ്രയീമിലുണ്ടായ ബാധകളിൽ പത്താമത്തേതിനു മുമ്പ്, ദൈവം യിസ്രായേലിനോട് അവരുടെ വീടുകളുടെ കട്ടളക്കാലിൽമേലും കുറുമ്പടിമേലും രക്തം തേയ്ക്കണം എന്നാവശ്യപ്പെട്ടു. ദൈവം മിസ്രയിമിൽ മേൽ ആഞ്ഞടിച്ചപ്പോൾ, അവൻ രക്തം പുരണ്ട വീടുകളിൽ "സംഹാരദൂതൻ പ്രവേശിക്കുവാൻ അനുവദിച്ചില്ല" (പുറ. 12:23). സംഹാരകൻ എന്നത് മിസ്രയീമിൻമേലുള്ള ദൈവിക ന്യായവിധിയുടെ ആൾരൂപമായിരിക്കാം. സങ്കീർത്തനങ്ങൾ 78:49ൽ മിസ്രയീമിൽമേലുള്ള ദൈവീക ന്യായവിധിയുടെ കോപത്തെ "അനർത്ഥദൂതൻമാരുടെ ഒരു ഗണം" എന്നാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. പൗലൊസ് സംഹാരകൻ എന്നതിനെ ദൈവത്തിൽ നിന്ന് മാറിയുള്ള ഒരു ശക്തിയായി കാണുന്നില്ല; ദൈവത്തിന്റെ നീതിയുള്ള പ്രവൃത്തിയുടെ ആൾരൂപമായാണ് ഈ പദം വീണ്ടും പ്രത്യക്ഷപ്പെടുന്നത്, അവൻ വിഗ്രഹാരാധന, അസാന്മാർഗ്ഗീകത, പിറുപിറുപ്പ്, മത്സരം എന്നിവയ്ക്കെതിരെ പ്രവർത്തിക്കുന്നു.

**വാക്യം 11.** ആദ്യത്തെ വേദപുസ്തകം പഴയ നിയമമായിരുന്നു, യെഹൂദൻമാരായ വിശ്വാസികളാണ് അത് ജാതികളായ ക്രിസ്ത്യാനികൾക്ക് പരിചയപ്പെടുത്തിയത്. അപ്പൊസ്തലൻ യെഹൂദൻമാരോ ജാതികളോ ആയ വായനക്കാരിൽ നിന്ന് പഴയ നിയമത്തിലെ സംഭവങ്ങൾ രണ്ടാം പ്രാവശ്യവും. ക്രിസ്ത്യാനികൾക്കുള്ള ദൃഷ്ടാന്തമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടും അവർ എതിർപറയുമെന്ന് പ്രതീക്ഷിച്ചില്ല. ഈ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന്റെയും പരിശീലനത്തിന്റെയും ബുദ്ധിയുപദേശത്തിനായിട്ടാണെന്ന് അവൻ പറഞ്ഞു (10:6 നോക്കുക).

ക്രിസ്തു വരുന്നതുവരെ, പഴയ നിയമം ഒരു രഹസ്യമായി നിലനിന്നിരുന്നു; പക്ഷേ ഇപ്പോൾ, ലോകാവസാനം വന്നെത്തിയിരിക്കുന്നു, ദൈവ വെളിപ്പാടിന്റെ മുഴുവൻ പ്രയോജനവും സഭയ്ക്ക് ആസ്വദിക്കുവാൻ സാധിക്കും. തിരുവെഴുത്തുകളുടെ അർത്ഥത്തെ സംബന്ധിച്ചുള്ള ശരിയായ പ്രകാശനം യേശുവും അവന്റെ അപ്പൊസ്തലൻമാരും കൊണ്ടു വന്നു. ദൈവാനുഗ്രഹങ്ങളുടെ പൂർണ്ണത കൊരിന്ത്യർക്കുള്ളതായിരുന്നു. അവർ ആസ്വദിച്ചിരുന്ന അനുഗ്രഹങ്ങളിൽ ദൈവത്തിന്റെ എല്ലാ ഉദ്ദേശങ്ങളും നിറഞ്ഞിരുന്നു, വലിയ ഉത്തരവാദിത്തങ്ങളോടൊപ്പമാണു ആ അനുഗ്രഹങ്ങളും വന്നത്.

> ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പും ദൈവ വലത്തുഭാഗത്തുള്ള വാഴ്ചയും കാരണം, മാനുഷിക ചരിത്രത്തിന്റെ അവസാനഭാഗത്താണ് ക്രിസ്ത്യാനികൾ ജീവിക്കുന്നതെന്നു പൗലൊസ് ഉറപ്പിക്കുന്നു, ക്രിസ്തുവിന്റെ പുനരുദ്ധാനവും സ്വർഗ്ഗാരോഹണവും ഒരറ്റത്തും ക്രിസ്തു

വിന്റെ രണ്ടാമത്തെ വരവ് മറ്റേ അറ്റത്തും പരിധികളായി ആർക്കാണോ നില്കുന്നത്. മനുഷ്യ ജാതിയുമായുള്ള ദൈവത്തിന്റെ എല്ലാ ഇടപാടുകളും, അവന്റെ പൊതുവായുള്ള വെളിപ്പാടുകളും കൂടാതെ അവൻ തിരഞ്ഞെടുത്ത ജനതയിലൂടെയുള്ള വെളിപ്പാടുകളും, വിരൽ ചൂണ്ടിയിരുന്നത് യേശുവിന്റെ വാഴ്ചയുടെ കാലഘട്ടത്തിലേക്കാണ്, മുമ്പുള്ള എല്ലാതിരുവെഴുത്തും മശിഹായുടെ കാലഘട്ടത്തിൽ ജീവിക്കുന്നവർക്കുള്ള നിർദ്ദേശങ്ങളും പഠിപ്പിക്കലുകളും നല്കാനുള്ളതാണെന്ന് പൗലൊസ് ഉറപ്പിക്കുന്നു.[5]

**വാക്യം 12**. ചില ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്യുന്ന പൗലൊസിന് യാതൊരു സംശയവുമില്ല, ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ .... എല്ലാ ക്രിസ്ത്യാനികൾക്കും ആത്മ പരിശോധനയിലൂടെ പ്രചോദനം ലഭിക്കും, ചർച്ചയുടെ ആദ്യഭാഗത്തെ അപ്പസ്തലന്റെ നിരീക്ഷണത്തെ വിശദീകരിക്കുന്നു: "അറിവ് ചീർപ്പിക്കുന്നു, പക്ഷേ സ്നേഹമോ ആത്മീക വർദ്ധന വരുത്തുന്നു" (8:1). വിഗ്രഹാരാധനയോടു ബന്ധപ്പെട്ടുള്ള ഉത്സവങ്ങളിൽ പങ്കെടുക്കുന്നതിൽ തെറ്റില്ല എന്ന ധാരണയെ (8:4) കൃപയിൽ നിന്ന് വീഴുവാനുള്ള സാധ്യത മുൻനിർത്തി താക്കീത് നല്കുന്നു (ഗലാ. 5:4 നോക്കുക). അവർ ഒരു പക്ഷെ വിചാരിച്ചിരുന്നത്, അവർ സ്നാനം ഏല്ക്കുകയും തിരുവത്താഴത്തിൽ സ്ഥിരമായി പങ്കെടുക്കുകയും ചെയ്യുന്നതുകൊണ്ട്, നിത്യത ഉറപ്പിച്ച് നല്ല രീതിയിൽ ദൈവ സന്നിധിയിൽ നില്ക്കുന്ന എന്നാണ്. കയും തിരുവത്താഴത്തിൽ സ്ഥിരമായി പങ്കെടുക്കുകയും ചെയ്യുന്നതുകൊണ്ട്, നിത്യത ഉറപ്പിച്ച് നല്ല രീതിയിൽ ദൈവ സന്നിധിയിൽ നില്ക്കും എന്നാണ്. അതിനു വിപരീതമായി യിസ്രായേലിനെ ഓർക്കണമെന്ന് പൗലൊസ് പറയുന്നു "അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു" (1 കൊ. 10:5), ധാരാളം അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്ന് അവർ അനുഭവിച്ചശേഷം. വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിലെ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നവർ രക്ഷയെ നഷ്ടമാക്കുകയാണ് ചെയ്യുന്നത്.

യിസ്രായേലിന്റെ ദൃഷ്ടാന്തത്തെ ജ്ഞാനത്താൽ സ്വയം-ഉറപ്പിച്ചിരുന്ന കൊരിന്തിലുള്ളവർ ഗൗരവപരമായ താക്കീതായി സ്വീകരിക്കേണ്ടിയിരുന്നു. അവർ വിഗ്രഹാരാധന പരിത്യജിക്കേണ്ടവരാണ്, അല്ലാതെ നിരാശപ്പെടേണ്ടവരല്ല. മനുഷ്യ വംശത്തെ തന്നെ എല്ലായ്പ്പോഴും പ്രശ്നത്തിലാക്കിയ ജഡീക പ്രലോഭനങ്ങളെ അവരും എതിർക്കേണ്ടിയിരുന്നു. മറ്റ് ആളുകൾ പാപത്തിൽ നിന്ന് എഴുന്നേൽക്കുകയും, ദൈവകൃപയാൽ, അവരുടെ ജീവിതങ്ങളെ മാറ്റുകയും ചെയ്തു. കൊരിന്ത്യർക്കും അതു ചെയ്യാവുന്നതാണ്. ഈ കാര്യത്തിലുള്ള അപ്പോസ്തലന്റെ ദൈവീക അധികാരത്തെ പ്രസ്താവിച്ചിരിക്കുന്നു. ദൈവം അവനിലൂടെ സംസാരിക്കുന്നു.

**വാക്യം 13**. ദൈവം യിസ്രായേൽ മക്കളെ മരുഭൂമിയിൽ പരീക്ഷിക്കുകയായിരുന്നുവെന്ന് മോശെ വ്യക്തമായി വിശദീകരിച്ചു (ആവ. 8:2, 16). ഈ പ്രക്രീയയിൽ ചിലർ വീണപ്പോൾ മറ്റു ചിലർ ശക്തരായി. ദൈവത്തിന്റെ പരീക്ഷ അവർക്ക് സഹിക്കാവുന്നതിന്റെ അപ്പുറം പോവുകയില്ല എന്നൊരു ഉറപ്പ് കൊരിന്ത്യർക്ക് ആവശ്യമായിരുന്നു; അവർ വിശ്വാസത്തിൽ ഉറക്കുവാൻ അത് കാരണമായി. പരീക്ഷ ചിലപ്പോൾ കടുത്തതായിരിക്കും, പക്ഷെ തന്റെ ജനത്തെ രക്ഷിക്കുവാൻ ദൈവം കഴിവുള്ളവനാണ്; അവൻ വിശ്വസ്തനാണ്.

ദൈവം കൊരിന്തിലുള്ള അവന്റെ ജനത്തെ സ്നേഹിക്കുന്നു, എന്തെല്ലാം പരീക്ഷകൾ അവർക്കുണ്ടായാലും അവർ അതിനെ അതിജീവിക്കുമെന്ന് ഒരു ഉറപ്പ് നൽകേണ്ടത് ആവശ്യമായിരുന്നു; അവർ വിശ്വാസത്തിൽ ഉറയ്ക്കുവാൻ അതു കാരണായി. പരീക്ഷ ചിലപ്പോൾ കടുത്തതായിരിക്കും, പക്ഷേ തന്റെ ജനത്തെ രക്ഷിക്കുവാൻ ദൈവം കഴിവുള്ളവനാണ്; അവൻ വിശ്വസ്തനാണ്. ദൈവം കൊരിന്തിലുള്ള അവന്റെ ജനത്തെ സ്നേഹിക്കുന്നു; വിശ്വസ്തരായ ക്രിസ്ത്യാനികൾ വീണുപോകുവാൻ അവൻ അനുവദിച്ചിരുന്നില്ല. വൈൻ സിറാക്, ക്രിസ്തുവിന് ഇരുന്നൂറു വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഒരു യെഹൂദ ജ്ഞാനി, നിരീക്ഷിച്ചത്, കർത്താവിനെ ഭയപ്പെടുന്ന ഒരു മനുഷ്യൻ തിൻമയാൽ വീണുപോകുകയില്ല, പക്ഷെ പരീക്ഷയിൽ നിന്നും ദൈവം അവനെ വീണ്ടും വീണ്ടും വിടുവിക്കുന്നു.[6]

## വിഗ്രഹാരാധന വിട്ടോടുവിൻ
## (10:14-22)

**[14]അതുകൊണ്ടു പ്രിയ സബോദരൻമാരേ, വിഗ്രഹാരാധന വിട്ടോടുവിന്. [15]നിങ്ങൾ വിവേവികൾ എന്നു വച്ചു ഞാൻ പറയുന്നു;ഞാൻ പറയുന്നതു വിവേചിക്കുവിൻ. [16]നാം അനുഗ്രഹിക്കുന്ന അനുഗ്രഹ പാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? [17]അപ്പം ഒന്ന് ആയതുകൊണ്ടു, പലരായ നാം ഒരു ശരീരം ആകുന്നു, നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശി കൾ ആകുന്നുവല്ലോ. [18]ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ; യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ അല്ലയോ? [19]ഞാൻ പറയുന്നത് എന്ത്? വിഗ്രഹാർപ്പിതം വല്ലതും ആകുന്നു എന്നോ, വിഗ്രഹം വല്ലതും ആകുന്നു എന്നോ? [20]അല്ല, ജാതികൾ ബലികഴിക്കുന്നതു ദൈവത്തി നല്ല, ഭൂതങ്ങൾക്കു കഴിക്കുന്നു എന്നത്രേ; എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്കു മനസ്സില്ല. [21]നിങ്ങൾക്കു കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപത്രവും കുടിക്കുവാൻ പാടില്ല; നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയലും അംശികൾ ആകുവാനും പാടില്ല. [22]നാം കർത്താവിനു ക്രോധം ജ്വലിപ്പിക്കുന്നുവോ? അവനെക്കാൾ, നാം ബലവാൻമാരോ?**

പൗലൊസിന്റെ 10:1–13 വരെയുള്ള വേദഭാഗം ഉപസംഹരിക്കുന്നത് 8:1 ൽ ആരംഭിച്ച ചർച്ചയെയാണ്. വിഗ്രഹാർപ്പിതത്തെ വിട്ടോടുവാനല്ല അവൻ അവരോട് പറഞ്ഞത്, വിഗ്രഹാരാധന വിട്ടോടിക (10:14). പൗലൊസ് സാധാരണയായി തന്റെ വായനക്കാരെ “സഹോദരൻമാരെ” എന്നാണ് അഭിസംബോധന ചെയ്യുന്നത്, 10:14 ബിയിൽ അവൻ ഉപയോഗിച്ചിരിക്കുന്നത് സ്നേഹം നിറഞ്ഞ പദമായ “എന്റെ പ്രിയരേ” എന്നാണ്. വഴക്കു പറയുക എന്നതല്ല അവന്റെ ഉദ്ദേശം, പക്ഷെ കൂട്ടു ക്രിസത്യാനികളെ താക്കീതു നല്കി വഴി നടത്തുക.

**വാക്യം 14**. അവരുടെ മുമ്പിലുള്ള യിസ്രായേലിന്റെ ദൃഷ്ടാന്ത പ്രകാരം, വിഗ്രഹാരാധന നടത്തുവാൻ സഭയിലുള്ളവർക്ക് യാതൊരു താല്പര്യവും ഇല്ലായിരുന്നു. പാപവുമായുള്ള അനുരഞ്ജനമാണ് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിലൂടെ സംഭവിക്കുന്നത് അസഹനീയമായതാണ്. വിഗ്രാഹാരധനയോട്

സമമായ ഏതൊരു പ്രവൃത്തിയിൽ നിന്നും തങ്ങളെതന്നെ സംരക്ഷിക്കുവാൻ ക്രിസ്തുവിന്റെ അനുയായികൾ ബാധ്യസ്ഥരാണ് (1 യോഹ. 5:21 നോക്കുക). പൗലൊസ് ഇതിനെപ്പറ്റി 1 കൊരിന്ത്യർ 8 ൽ ഊന്നൽ കൊടുത്തിരിക്കുന്നു (കൂടാതെ അതു 10:23-30 വരെ വീണ്ടും ഊന്നൽ കൊടുത്തിരിക്കുന്നു) ഒരു ദൈവമേ നിലനില്ക്കുന്നുള്ളൂ എന്ന അടിസ്ഥാനപരമായ സത്യം ദൈവത്തിന്റെ ജനം അവനെ മാത്രം ആരാധിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. വിഗ്രഹങ്ങളെ ആരാധിക്കുന്നത് ദൈവത്തിന് പുറം കാട്ടുന്നത് പോലെയാണ്.

അതുകൊണ്ട് എന്ന പദം രണ്ട് വാചകങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ശക്തമായ ഒരു പദമാണ്. പൗലൊസ് നടത്തിയ വിശകലനങ്ങൾക്ക് ഉപസംഹാരമായാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ഈ പദം കൊണ്ട് അർത്ഥമാക്കുന്നത് ഒരു വാചകമാണ്. പിന്നീടെല്ലാ അർത്ഥത്തിലും (διόπερ, *ഡിയോപർ*). കൊരിന്തിലുള്ള ജ്ഞാനികളിൽ ചിലർ അവർക്കുള്ള സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ പരിശീലനങ്ങളെ വിശകലനം ചെയ്യേണ്ടതാണ്. വിഗ്രാഹാരാധനയെ കുറിച്ച്, പൗലൊസിന്റെ ന്യായവിധിയായി കാണുന്നത്: പ്രിയൻമാരേ, വിഗ്രഹാരാധന വിട്ടോടുവിൻ, യിസ്രായേലിന് മരുഭൂമിയിൽ വച്ച് സ്ഥിരമായി പ്രശ്നങ്ങളെ നല്കിയിരുന്നത്, അവരുടെ ഫലഭൂയിഷ്ഠമായ കനാനിലേക്കുള്ള യാത്രയിൽ വിഗ്രഹങ്ങളായിരുന്നു. ദൈവം ഒരിക്കലും തന്റെ മഹത്വത്തെ ഒരു വിഗ്രഹവുമായി പങ്കുവയ്ക്കില്ല. അനുരഞ്ജനം എന്നത് ചോദ്യത്തിനു വെളിയിലുള്ളതായിരുന്നു. വിഗ്രഹങ്ങൾ അവയുടെ സ്ഥാനങ്ങളിൽ യാതൊരു ശക്തിയുമില്ലാതിരുന്നു. ഇതിനു വിപരീതമായി, സങ്കീർത്തനക്കാരൻ ഇപ്രകാരമെഴുതി, "ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും, എല്ലാ ആഴങ്ങളിലും, യഹോവ, തനിക്കിഷ്ടമുള്ളതൊക്കെയും ചെയ്യുന്നു" (സങ്കീ. 135:6). പൗലൊസിന്റെ വായനക്കാരുടെ ആദ്യമുൻഗണന വിഗ്രഹരാധന വിട്ടോടുക എന്നതായിരിക്കണം.

**വാക്യം 15**. ഒരു ബുദ്ധിമാനായ ഉപദേഷ്ടാവെന്ന നിലയിൽ, കാര്യങ്ങളെ വായനക്കാരോടു തന്നെ ചിന്തിച്ചു വിശകലനം ചെയ്യുവാൻ പൗലൊസ് ആവശ്യപ്പെടുന്നു. ഞാൻ റയുന്നതു വിവേചിക്കുവിൻ, അവൻ വെല്ലുവിളിച്ചു. അപ്പൊസ്തലൻ കൊരിന്തിലുള്ളവരെ വിവേചിക്കുവാൻ കഴിയുന്ന ആളുകൾ എന്നു വിളിച്ചു, പക്ഷേ അവന്റെ പദങ്ങളുടെ തിരഞ്ഞെടുപ്പ് അല്പം പരിഹാസത്തെ കുറിക്കുന്നു. അവൻ അവരെ വിളിച്ചത് ബുദ്ധിയുള്ളവർ എന്നാണ് (φρόνιμοι, *ഫ്രോണിമോയി*, "വിവേകികളായ ആളുകൾ"; എൻആർ എസ് വി; ഇഎസ്‌വി) പൗലൊസിന്റെ ലേഖനങ്ങളിൽ മറ്റു നാല് സ്ഥലങ്ങളിൽ കൂടി ഈ പദം കാണാവുന്നതാണ്.[7] എല്ലാ സ്ഥലങ്ങളിലും, പരിഹാസത്തോടെയാണ് അപ്പൊസ്തലൻ ഈ പദം ഉപയോഗിച്ചിരിക്കുന്നത്. സ്വയ-പ്രഖ്യാപിത ബുദ്ധി, തോന്നുന്നത് വിവേകമില്ലാത്തതാണ്. "സാധാരണയായി ബുദ്ധി" (σοφός, *സോഫാസ്*) എന്നതിനു ഉപയോഗിക്കുന്ന പദം പൗലൊസിന്റെ ലേഖനങ്ങളിൽ പതിനഞ്ചു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒൻപതു തവണ 1 കൊരിന്ത്യരിൽ), ചില സന്ദർഭങ്ങളിൽ നിഷേധാത്മകമല്ലാതെയും ചില സന്ദർഭങ്ങളിൽ നിക്ഷേധാത്മകമായും.

കൊരിന്തിലെ സഭയ്ക്കു മുമ്പാകെ തന്റെ ലേഖനം വായിച്ചു കഴിയുമ്പോൾ തന്റെ വായനക്കാർക്ക് വിവേകമുണ്ടാകുമെന്ന് പൗലൊസ് വിശ്വസിക്കുന്നു. വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലെ ആഹാരത്തിൽ എല്ലാ ക്രിസ്ത്യാനികളും ആകർഷിക്കപ്പെട്ടിരുന്നില്ല. പാവങ്ങളായ ജോലിക്കാരോ അല്ലെങ്കിൽ അടധർമി

കളോ ആയിരുന്നിരിക്കണം ഈ ഭക്ഷണം വിളമ്പിയത്, പക്ഷേ അവർ ക്ഷേത്ര ങ്ങളിലെ ഭക്ഷണശാലകളിൽ ഇരിക്കുകയോ ജാതീയ അനുഷ്ഠാനങ്ങളള്ളിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ല. ഇതൊരു സമൃദ്ധിയുടെ സംസ്ക്കാരമായി രുന്നു. സമ്പത്തുള്ളവനും ഇല്ലാത്തവനും തമ്മിലുണ്ടായിരുന്ന സാമൂഹിക വേർപിരിവ് കൊരിന്തിൽ അവഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. യെഹൂദാ പാരമ്പര്യത്തിലുള്ള വ്യാപാരികളായിരുന്നു കൊരിന്തിലുള്ള സമൃദ്ധരായ സഭാംഗങ്ങൾ, പൗലൊസ് പ്രതിപാദിച്ചതുപോലെ "നമ്മുടെ പിതാക്കൻമാർ" (10:1) എന്ന് സൂചിപ്പിക്കുന്നതു അവരെയായിരിക്കാം.

**വാക്യം 16.** വിഗ്രഹങ്ങളുടെ മുമ്പിൽ നടത്തപ്പെടുന്ന ഉത്സവങ്ങളിൽ പങ്കെടുക്കുന്നതിനെ കുറിച്ചുള്ള ചർച്ചയിലേക്ക് അപ്പൊസ്തലൻ തിരിച്ചു വരുന്നു, അതു തുടങ്ങി വച്ചത് അദ്ധ്യായം 8 ൽ ആണ്. വിഗ്രഹാർപ്പിതം ഭക്ഷിക്കുന്ന കാര്യത്തിൽ ദൈവത്തിന് വിരോധമായി യാതൊന്നുമില്ലെന്ന് അവൻ പറയുന്നു (8:8 നോക്കുക; 10:25); ദൈവങ്ങൾക്കുള്ള ബലിയും പ്രാർത്ഥന യും നടക്കുന്ന വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ വച്ച് മാംസം ഭക്ഷിക്കുന്നത്, ആ ദൈവത്തെ ആരാധിക്കുന്നതിന് തുല്യമാണ്. ചില ക്രിസ്ത്യാനികൾ, വിഗ്രഹങ്ങൾ ഏതുമില്ലയെന്നു നിരൂപിക്കുന്നു, ജാതികളുടെ ഭക്ഷണത്തിൽ പങ്കെടുക്കുന്നതുകൊണ്ട് യാതൊരു പ്രശ്നവുമില്ലെന്ന് അവർ തീരുമാനിക്കുന്നു. ജാതികളുടെ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിനെ അപ്രധാനമായി കാണുവാൻ കഴിയില്ലെന്നുള്ളതാണ് പൗലൊസിന്റെ വാദം. തിരുവത്താഴത്തിൽ പങ്കാളികളാകുമ്പോൾ അവർ പങ്കെടുക്കുന്ന മേശയിലേക്ക് അവരുടെ ശ്രദ്ധയെ കൊണ്ടുവരുന്നു. പങ്കെടുക്കുന്ന അനുഗ്രഹപാത്രം എന്നത് ക്രിസ്തുവിന്റെ രക്തത്തിലുള്ള പങ്കാളിത്തവും, മുറിക്കുന്ന അപ്പം എന്നത് ഓർമ്മപ്പെടുത്തുന്നത് അവന്റെ ശരീരത്തിലുള്ള (11:24, 25 നോക്കുക) പങ്കാളിത്തവുമാണ്.

പങ്ക് വെയ്ക്കുക എന്നതിലൂടെ ("പങ്കാളിത്വം" എൻ. ഐ. പി.), ക്രിസ്ത്യാനികളെ കുറിച്ച് പൗലൊസ് ചിന്തിക്കുന്നത് (1) ക്രിസ്തു നൽകിയ അനുഗ്രഹങ്ങളിൽ പങ്കാളികളാകുക, (2) ക്രിസ്തുവിന്റെ ദൈവത്വത്തിലും അവന്റെ ക്രൂശ് മരണത്തിന്റെ പ്രാധാന്യത്തിലും വിശ്വസിക്കുക, കൂടാതെ (3) ശരീരത്തിലെ സഹോദരീ സഹോദരൻമാരോട് ഏറ്റു പറച്ചിലിലൂടെ വിശ്വാസത്തെ ഉറപ്പിക്കുക. ഇതെല്ലാം സത്യമായിരിക്കുമ്പോൾ തന്നെ, വിഗ്രഹങ്ങളുടെ ക്ഷേത്രത്തിലെ മേശ ഭക്ഷണത്തെക്കാൾ ഉപരി പല കാര്യങ്ങളും അർത്ഥമാക്കുന്നില്ലേ? വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വച്ച് ഭക്ഷണം കഴിക്കുന്നതിനെ പൗലൊസ് എതിർത്തതിൽ. യാതൊരു അത്ഭുതവുമില്ല (8:10–13)!

അപ്പത്തിനു മുമ്പ് പാനപാത്രം പൗലൊസ് പരമാർശിച്ചതിൽ എന്തെങ്കിലും പ്രാധാന്യമുണ്ടോ? ചിലപ്പോൾ ഇല്ലായിരിക്കാം, പക്ഷേ ഒരു സാധ്യതയുള്ളത് പാപങ്ങളുടെ മോചനത്തിന് കാരണമായ ക്രിസ്തുവിന്റെ രക്തച്ചൊരിച്ചിൽ പൗലൊസ് പ്രാഥമികമായി ചിന്തിച്ചു കാണും രക്തത്തെകുറിച്ചുള്ള ചിത്രം വ്യക്തമാണ് തകർക്കപ്പെട്ട ശരീരത്തെകുറിച്ച് ചിന്തിക്കുന്നതിനുമുമ്പ് അപ്പൊസ്തലന്റെ മനസ്സിൽ വന്നതു ഒരു പക്ഷേ മൃഗയാഗത്തെക്കുറിച്ചുള്ള ചിന്തയായിരിക്കാം. തിരുവത്താഴത്തെക്കുറിച്ചുള്ള പൗലൊസിന്റെ പ്രസ്താവനകൾ 11:23–26 വരെയുള്ളത് ഏറ്റവും കൂടുതൽ സാമ്യപ്പെടുന്നത് ലൂക്കൊസ് 22:14–20 വരെയുള്ള വാക്യങ്ങളോടാണ് കൂടുതലായി താരതമ്യപ്പെട്ടിരിക്കുന്നത് മത്തായി 26:26–35 വരെയും മർക്കോസ് 14:17–25 വരെയുള്ള വാക്യങ്ങളേക്കാൾ ലൂക്കൊസിനോടാണ്. തിരുവത്താഴ സ്ഥാപനത്തെക്കുറിച്ച് ലൂക്കൊസ് രേഖ

പ്പെടുത്തിയപ്പോൾ, പാനപാത്രത്തെകുറിച്ച് യേശു ആദ്യം പറഞ്ഞതായാണ് കാണുന്നത് (ലൂക്കൊ. 22:17–19). ഇപ്പൊഴും, അപ്പൊസ്തലൻ ചിന്തിക്കുന്നത് അതു മുഴുവനായി പ്രായോഗികമാക്കുന്നതിനെ കുറിച്ചായിരിക്കും; പാനപാത്രത്തെക്കുറിച്ച് അപ്പത്തിനു മുമ്പ് സംസാരിച്ചത് അപ്രധാനമായിരിക്കുവാനും സാധ്യതയുണ്ട്.

**വാക്യം 17.** കർത്താവുമായും മറ്റുള്ളവരുമായും ഒന്നാകുവാൻ തിരുവത്താഴ പങ്കാളിത്തത്തിലൂടെ ശരീരത്തിലെ വിശ്വാസികൾക്ക് സാധിക്കുന്നു. പൗലൊസ് എഴുതി, അപ്പം ഒന്നു ആകകൊണ്ടു, പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ. യുക്തിപരമായി, ഭക്ഷണം പങ്കുവയ്ക്കുന്നത് വിഗ്രഹങ്ങളെ ആരാധിക്കുന്നതിനും അതിൽ പങ്കെടുക്കുന്നവർ മറ്റുള്ളവരോടു വിഗ്രഹത്തിൽ ഒരുമിക്കുന്നതിനും കാരണമാകയില്ലയോ?

തുടർന്നെഴുതുമ്പോൾ, പൗലൊസ് തിരുവത്താഴത്തെ കുറിച്ചുള്ള കൂടുതൽ പ്രാധാന്യം സഭക്കായി വെളിപ്പെടുത്തുന്നു അപ്പവും പാനപാത്രവും ഓർമ്മയ്ക്കായുള്ളതാണ്, പക്ഷെ ഭക്ഷണത്തിനു അതിലും പ്രാധാന്യമുണ്ട്. ഇത് കൂട്ടായ്മയെയും ഐക്യത്തെയും കാണിക്കുന്നു. ഒരുമിച്ചു കൂടി സഭ അപ്പം നുറുക്കുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുന്നു. ആരൊക്കെയാണോ ഒരേ വിശ്വാസം ഏറ്റുപറഞ്ഞത് അവർ ശരീരത്തിലെ ജീവിതം പങ്കു വച്ചുകൊണ്ട് വ്യക്തിപരമായി പങ്കാളികളാകുന്നു.

അപ്പം നറുക്കുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുന്നത് ഒരു ആചാരമായി മാറുമ്പോൾ ക്രിസ്ത്യാനികൾ തങ്ങളുടെ ജന്മാവകാശത്തെ തങ്ങളാൽ മോഷ്ടിക്കുന്നു. ആത്മീകമായി നഷ്ടപ്പെട്ട ഒരു വ്യക്തിക്ക് കർത്താവിന്റെ ദിവസത്തിൽ സഭയുമായി ചേരുവാൻ സാധിക്കില്ല. ഒരുമിച്ചു കൂടുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു ശുശ്രൂഷയാണ് തിരുവത്താഴം, ഇതിന്റെ അർത്ഥത്തിൽ അടിസ്ഥാനപരമായി മാറ്റം വരുന്നത് നുറുക്കപ്പെട്ട അപ്പം ശരീരത്തിൽ നിന്ന് മാറി നില്ക്കമ്പോഴാണ്.

**വാക്യം 18.** എൻഎഎസ്ബിയുടെ പരിഭാഷകർ Ἰσραὴλ κατὰ σάρκα (*യിസ്രായേൽ കാട്ടാ സാർക്കാ*, അക്ഷരീകമായി, "ജഡപ്രകാരമുള്ള യിസ്രായേൽ") എന്നതിന്റെ അർത്ഥം യിസ്രായേൽ രാജ്യം എന്നു മനസ്സിലാക്കിയിരുന്നു. അതു ശരിയാണെങ്കിൽ, പൗലൊസ് ഭൗതികവും, ചരിത്രപരവും ആയുള്ള യിസ്രായേലിനെ ആത്മിക യിസ്രായേൽ, ക്രിസ്തുവിന്റെ ശരീരം എന്നിവ തമ്മിൽ ഉള്ള വേർതിരിവിനെ വരച്ചു കാണിക്കുന്നു. മോശെയുടെ ന്യായപ്രമാണത്തിൽ കീഴിലായിരുന്ന പുരോഹിതൻമാർ യാഗങ്ങൾ ഭുജിക്കുന്നവർ ആയിരുന്നു എന്നതുകൊണ്ട് യാഗാപീഠത്തിന്റെ കൂട്ടാളികൾ ആയിരുന്നു. ആത്മീക യിസ്രായേൽ, കൊരിന്തിലുള്ള സഭ ഉൾപ്പടെ വേറെ എവിടെയും, ഭൗതിക യാഗപീഠം ഉായിരുന്നില്ല; പക്ഷേ പൗലൊസ് ആഗ്രഹിച്ചിരുന്നത് ക്രിസ്ത്യാനികൾ, പ്രത്യേകിച്ചും യെഹൂദാ മതത്തിൽ വേരുകളുള്ളവർ, ചില രീതിയിൽ ബന്ധപ്പെട്ടു കിടക്കുന്നുവെന്നുള്ളത് മനസ്സിലാക്കണമെന്നാണ്.

ഗാർലാൻഡ് ഇതിനു മുമ്പുള്ള 10:1–11 വരെയുള്ള വേദഭാഗത്തെ "ജഡപ്രകാരമുള്ള" എന്ന പദം ബന്ധിപ്പിക്കുന്നതു മരുഭൂമിയിലെ യിസ്രായേലിന്റെ വിഗ്രഹാരാധനയോടാണ്.[8] എന്തായിരുന്നാലും, "യാഗപീഠത്തിന്റെ കൂട്ടാളികൾ" എന്ന വാചകം യെഹൂദാ മതത്തോട് പൊതുവായി ബന്ധപ്പെട്ടിരിക്കുന്നു, മരുഭൂമിയിലെ അനുഭവത്തോട് പ്രത്യേകമായ് ബന്ധപ്പെടുന്നില്ല.

യിസ്രായേലിന്റെ ആരാധന “ജഡപ്രകാരം ഉള്ളതും” വിഗ്രഹാരാധകരുടെ ആരാധന ഇത്തരത്തിലുള്ളതുമാണ്: രണ്ടു പേരും, യാഗപീഠത്തിൽ ശുശ്രൂഷിക്കുന്നവരും യാഗപീഠത്തിൽ യാഗം കഴിക്കുന്നവരുമാണ്. ദൈവങ്ങൾക്ക് അർപ്പിച്ച മാംസമാണ് പുരോഹിതൻമാരും വിഗ്രഹങ്ങളെ ആരാധിക്കുന്നവരും ഒരുമിച്ചു ഭക്ഷിക്കുന്നത്.

**വാക്യം 19**. യെരുശലേം ദേവാലയത്തിലെ യാഗങ്ങളെ വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലെ യാഗങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ, ജാതിക ആരാധനയ്ക്ക് പ്രാധാന്യമുണ്ടെന്ന് പൗലൊസ് അർത്ഥമാക്കുന്നില്ല. അവൻ പെട്ടെന്നു തന്നെ തന്റെ വായനക്കാരെ ഓർമ്മിപ്പിക്കുകയാണ് വിഗ്രഹാർപ്പിതം അല്ലെങ്കിൽ വിഗ്രഹം തന്നെ വല്ലതും ആകുന്നില്ല (8:4 നോക്കുക) ജാതികളുടെ ദേവൻമാർക്കായി യാഗം കഴിക്കുന്ന പുരോഹിതരും യെഹൂദാ പുരോഹിതൻമാരും തമ്മിൽ ചില ബാഹിക സാദൃശ്യങ്ങൾ ഉണ്ടെങ്കിൽ പോലും, ദൈവം എന്ന യാദാർത്ഥ്യത്തെ അടിസ്ഥാനമാക്കി യെഹൂദൻമാരുടെ ശുശ്രൂഷ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു.

**വാക്യം 20**. ഒരർത്ഥത്തിൽ, വിഗ്രഹം എന്നാൽ ഏതുമില്ല (8:4), വിഗ്രഹങ്ങൾക്ക് യാതൊരു ശക്തിയുമില്ല. പിന്നെയും, പൗലൊസ് ഉറപ്പിച്ചു പറയുന്നത് വിഗ്രഹാരാധന പൈശാചികമാണെന്നാണ്. അവൻ വിഗ്രഹങ്ങളെയും ഭൂതങ്ങളെയും സമമാക്കുകയല്ല; മറിച്ച് വിഗ്രഹങ്ങളെ ആളുകളോടുപമിച്ച് സാത്തനാൽ പ്രചോദിപ്പിക്കപ്പെട്ടതായി പറയുന്നു, ലോകത്തിലെ മറ്റു പൈശാചിക ശക്തികളെപ്പോലെ, മിഥായാവ് ചെയ്തതിലും കൂടുതലായി അവൻ ചെയ്തിട്ടില്ല സിദെക്കിയാവിന്റെയും മറ്റുള്ളവരുടെയും കാലത്ത് ദൈവത്തിൽ നിന്ന് പുറപ്പെട്ട ഭോഷ്ക്കിന്റെ ആത്മാവിനെ കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത് (1 രാജാ. 22:22, 23). അപ്പൊക്രിഫ എഴുത്തായ ബാറുഖിന്റെ കാലത്ത് (സി. 175 ബി. സി.), വിഗ്രഹങ്ങൾ ബന്ധപ്പെട്ടിരുന്നത് ഭൂതങ്ങളോടാണ്. സാദൂഖിന്റെ ഗ്രന്ഥക്കാരൻ പ്രസ്താവിച്ചത്, “നിങ്ങളുടെ സൃഷ്ടിതാവായ ദൈവത്തെ കോപിപ്പിക്കുയാണ് ഭൂതങ്ങൾക്ക് യാഗം കഴിക്കുന്നതിലൂടെ നിങ്ങൾ ചെയ്യുന്നത്, അവർ ആരും-ദൈവങ്ങളല്ല.”[9] പൗലൊസിന്റെ കാലത്തിന് അനേക വർഷങ്ങൾ മുമ്പുതന്നെ മറ്റു ദേവൻമാരെ ഭൂതങ്ങളോട് ബന്ധപ്പെടുത്തിയിരുന്നു.

വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവർ പൈശാചിക ശക്തി വാണിരുന്ന മേശയിലാണ് പങ്കു വച്ചിരുന്നത്. യിസ്രായേല്യർ പോലും വിഗ്രഹങ്ങളെ ആരാധിക്കുമ്പോൾ അവർ വിശ്വസിച്ചിരുന്നത് യിസ്രായേലിന്റെ ദൈവമല്ലാതെ മറ്റൊരു ദൈവത്തിനും നിലനില്പ് ഇല്ലെന്നാണ്. “അവരുടെ വിഗ്രഹങ്ങൾ ... മനുഷ്യരുടെ കൈവേലതന്നെ”, സങ്കീർത്തനക്കാരൻ എഴുതി (സങ്കീ. 115:4). വിഗ്രഹങ്ങളെ കുറിച്ച് ദൈവജനം മനസ്സിലാക്കിയിരുന്നത് “അവർ അറിയുന്നില്ല, ഗ്രഹിക്കുന്നതുമില്ല, ... അവർക്കു കാണുവാനും കഴിയില്ല,,, അവർക്കു ഗ്രഹിക്കുവാനും കഴിയില്ല ...” (യെശ. 44:18-20). ദൈവത്തിനെതിരായുള്ള പൈശാചിക ശക്തികൾക്കായി നിലനില്ക്കുന്ന വിഗ്രഹങ്ങൾ ജാതികളുടെ യാഗങ്ങളിലും ആചാരങ്ങളിലും ബഹുമാനിക്കപ്പെടുന്നുവെന്നാണ് പൗലൊസ് പ്രസ്താവിക്കുന്നത്. പിശാചിന് കീഴടങ്ങുന്ന ജാതികളുടെ ദൃശ്യ സാക്ഷ്യമായിരുന്നു പ്രതിമകൾ. ഗാർലൻഡ് പ്രസ്താവിക്കുന്നത്, “ജീവനില്ലാത്ത വസ്തുക്കളിൽ നിന്നും ഉണ്ടാക്കിയ പ്രയോജനമില്ലാത്തവയാണ് വിഗ്രഹങ്ങൾ എന്ന് പൗലൊസ് പറയുമ്പോഴും, അവർ ഒരു യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്നു, ഒരു മൂല്യഘടനയാണെങ്കിലും, അത് നേരിട്ട് ദൈവവുമായി

മത്സരിക്കുന്നു."[10]

വിഗ്രഹാർപ്പിതം വിളമ്പുന്ന ഒരു ക്ഷേത്രത്തിൽ ഒരു ക്രിസ്ത്യാനി ഇരിക്കുമ്പോൾ, ഒരു വിഗ്രഹത്തിന്റെ നാമത്തിലുള്ള വിഗ്രഹാർപ്പിതം അവൻ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരളവുവരെ അവൻ പൈശാചിക പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു. അവൻ ചെയ്യുന്നതിനെ മാറ്റുവാൻ മാനസ്സിക വിശാലതയ്ക്കോ ഉന്നതമായ ജ്ഞാനത്തിനോ സാധിക്കുകയില്ല. പൗലൊസിന്റെ വാക്ക് നിശ്ചയമുള്ളതായിരുന്നു. യാഗങ്ങൾ ജാതികൾ ബലി കഴിക്കുന്നത് ദൈവത്തിനല്ല ഭൂതങ്ങൾക്ക് കഴിക്കുന്നു എന്നത്രേ, ജാതീയ ആചാരങ്ങളിൽ ഒരുമിച്ചു കൂടുന്നവർ അവരുടെ പ്രവൃത്തികളിൽ പങ്കാളികളാകുന്നു. പൗലൊസ് കൂട്ടിച്ചേർത്തു, നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്കു മനസ്സില്ല. പൗലൊസിനെപ്പോലെ, ജാതീയ ലോകത്തിലെ ആളുകളെ യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നത് കാരണം അവർ "കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത, പൊന്നു വെള്ളി ചെമ്പു, കല്ലു മരം ഇവ കൊണ്ടുള്ള ബിംബങ്ങളെയും നമസ്ക്കരിക്കാതെവണ്ണം അവരുടെ കൈപ്പത്തി വിട്ടു മാനസാന്തരപെട്ടില്ല" (വെളി. 9:20).

**വാക്യം 21**. അധിക വിശകലനത്തിനു ശേഷം, ഒരു തീരുമാനം എടുക്കുവാനുള്ള വിളിയോടുകൂടി പൗലൊസ് കാര്യം അവസാനിപ്പിക്കുന്നു: തിരുവത്താഴത്തിലൂടെ ക്രിസ്തുവിനെ പങ്കു വയ്ക്കുന്നുവോ അതോ ഭൂതങ്ങളുടെ മേശയിൽ പങ്കാളികളാകണമോ എന്ന് ഒരു വ്യക്തിക്ക് തിരഞ്ഞെടുക്കാം. ഈ വിധി വ്യക്തവും സ്ഥിരതയുള്ളതുമായിരന്നു. അനുരഞ്ജനത്തിനു യാതൊരു സാധ്യതയുമില്ല; നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആവാനും പാടില്ല.

മേഘത്തിൽ കീഴിലായിരുന്ന "നമ്മുടെ പിതാക്കൻമാർ" എന്ന പൗലൊസിന്റെ പ്രസ്താവനയും (10:1) മരുഭൂമിയിലെ യിസ്രായേൽ മക്കളുടെ ദൃഷ്ടാന്തവും (10:7–10) നിർദ്ദേശിക്കുന്നത് ക്രിസ്തുവിനെ സ്വീകരിച്ചു യെഹൂദൻമാർ സാമ്പത്തിക നേട്ടത്തിനു വേണ്ടി വിഗ്രഹാർപ്പിതം ഭക്ഷിക്കാമെന്നു യുക്തിപൂർവ്വം ചിന്തിക്കുന്നു. വിഗ്രഹങ്ങൾ ഏതുമില്ല എന്ന് യെഹൂദൻമാർ എന്ന നിലയിൽ അവർ മനസ്സിലാക്കിയിരുന്നു. അവർ ക്രിസ്ത്യാനികളായിട്ടും, യാതൊരു മാറ്റവുമില്ല. അവർ വാദിക്കുന്നത്, നല്ലൊരു ജീവിതസാഹചര്യത്തിനായി, കൊരിന്തിലെ സംഘടനപരമായ കൂട്ടായ്മകളിൽ നല്ല രീതിയിൽ പങ്കെടുക്കേണ്ടത് ആവശ്യമാണെന്നാണ്. അത്, ഈ കാര്യത്തിൽ, വ്യാപാര സംഘടനകളിൽ തീരുമാനമെടുക്കാനും അത് പ്രായോഗികമാക്കാത്തതിനെ കുറിച്ച് ആലോചിക്കുവാനും ക്ഷേത്രങ്ങളിൽ ഭക്ഷണത്തിന് ഇരിക്കേണ്ടത് ആവശ്യമായിരുന്നു.

സാമൂഹിക സാമ്പത്തിക നിലകളിൽ വ്യത്യസ്തതയുള്ള അനേക ആളുകൾ കൊരിന്തിലെ സഭയിൽ ഉണ്ടായിരുന്നു എന്നുള്ളത് സത്യമാണെങ്കിൽ, താഴ്ന്ന നിലവാരത്തിൽ ഉള്ളവരേക്കാൾ ഉയർന്ന നിലവാരതിലുള്ളവരായിരിക്കണം സാമ്പത്തിക താല്പര്യങ്ങളെ മുൻനിർത്തി വിഗ്രഹാർപ്പിതം ഭക്ഷിക്കുവാൻ യുക്തിപൂർവ്വം തീരുമാനമെടുത്തത്. വെയ്ൻ എം മീക്സ് നിരീക്ഷിച്ചത്,

> സമ്പന്നരായ അംഗങ്ങളായിരുന്നു ഇവർ, "ശക്തർ", "വിഗ്രഹർപ്പിതങ്ങൾ" വിലക്കുകയാണെങ്കിൽ ഇവർക്ക് വ്യാപാരവും സാമൂഹികവുമായ പല ബന്ധങ്ങളും എന്നന്നേയ്ക്കുമായി അവസാനിപ്പിക്കേണ്ടതായി വരും;

താഴ്ന്ന നിലവാരത്തിലുള്ള ആളുകളെ ഇത് അല്പം മാത്രമേ ബാധിക്കുകയുള്ളൂ. എളിയവരായ ആളുകൾ വളരെ വിരളമായി മാത്രമേ ജാതീയ ആചാരങ്ങളിൽ പങ്കെടുക്കുകയോ മാംസം ഭക്ഷിക്കുകയോ ചെയ്തിരുന്നുള്ളൂ.[11]

വളരെ ധനാഢ്യരായ യെഹൂദൻമാരായ ക്രിസ്പൊസും (പ്രവൃ. 18:8) സ്വസ്തെനോസും (പ്രവൃ. 18:17; 1 കൊ. 1:1) ക്രിസ്ത്യൻ സന്ദേശങ്ങൾ കേട്ട് അവയെ നിഷ്കർഷയുള്ള യെഹൂദാ മതവുമായി താരതമ്യപ്പെടുത്തിയപ്പോൾ കൂടുതൽ സ്വാതന്ത്ര്യമുണ്ടെന്ന് ചിന്തിച്ചുവെങ്കിലും, പൗലൊസ് വിഗ്രഹാർപ്പിതങ്ങളുടെ കാര്യത്തിൽ കൂടുതൽ കർക്കശക്കാരനാണെന്ന് മനസ്സിലാക്കി. "വളരെ ധനാഢ്യരായ" ജാതികൾ, താരതമ്യപ്പെടുത്തുമ്പോൾ, ക്ഷേത്രങ്ങളിൽ പോകുന്നതിനെ വിലക്കുന്നതിൽ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല.

**വാക്യം 22**. കൊരിന്തിൽ ആദ്യ വ്യക്തി രൂപാന്തരപ്പെട്ട് സ്നാനത്തിലൂടെ ക്രിസ്തുവിനെ ധരിച്ചിട്ട് ഒരു പക്ഷേ നാല് വർഷം കഴിഞ്ഞിരിക്കാം (പ്രവൃ. 18:8).[12] പ്രവചനവും നിവർത്തീകരണവും അടങ്ങുന്ന പഴയ നിയമത്തെക്കുറിച്ച് ജാതികളായ വിശ്വാസികൾ, മനസ്സിലാക്കികൊണ്ടിരിക്കുന്ന ഒരു സാഹചര്യമാകാം അവിടെ ഉണ്ടായിരുന്നത്. പാപ്പിറസ് ചുരുളുകൾ പോലെയുള്ള എഴുത്തു സാമഗ്രികൾ വിരളവും വിലയേറിയതും ആയിരുന്നതിനാൽ എബ്രായ തിരുവെഴുത്തുകളിൽ പ്രാവീണ്യം നേടുവാനോ, പുരാതന യിസ്രായേൽ ലോകത്തെ മനസ്സിലാക്കുവാനോ ജാതികൾക്ക് അധികം സാധിച്ചില്ല. യെഹൂദാ മതത്തിൽ വംശപരമായി വേരുകളുള്ളവർ, നേരെമറിച്ച്, കർത്താവിന് ക്രോധം ജ്വലിപ്പിക്കുന്നുവോ എന്നതിന്റെ അർത്ഥം കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കുന്നവരാണ്.

പൗലൊസ് ഈ വാക്യത്തിൽ തന്റെ വായനക്കാരുടെ മുമ്പിൽ വയ്ക്കുന്നത് ആലങ്കാരിക ചോദ്യങ്ങളുടെ ഉത്തരം അല്ല എന്നുള്ളതാണ്. തീർച്ചയായും, നമുക്ക് കർത്താവിന് ക്രോധം ജ്വലിപ്പിക്കുവാൻ താല്പര്യമില്ല (ആവ. 32:16, 21 നോക്കുക); കൂടാതെ, തീർച്ചയായും, നാം അവനെക്കാൾ ബലവാൻമാരല്ല (ഇയ്യോ. 37:23; യെഹെ. 22:14 നോക്കുക). പഴയ നിയമത്തിലൂടനീളം, വിഗ്രഹാരാധന ദൈവക്രോധത്തെ കൊണ്ടുവന്നു.

### കർത്തവ്യവും പ്രയോജനവും (10:23-30)

**[23]സകലത്തിന്നും എനിക്കു കർത്തവ്യം ഉണ്ടു, എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും എനിക്കു കർത്തവ്യം ഉണ്ടു, എങ്കിലും സകലവും ആത്മീക വർദ്ധന വരുത്തുന്നില്ല. [24]ഓരോരുത്തൻ സ്വന്ത ഗുണത്തില്ല, മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ [25]അങ്ങാടിയിൽ വില്ക്കുന്നത് എന്തെങ്കിലും മനസ്സാക്ഷി നിമിത്തം [26]ഒന്നും അന്വേഷണം കഴിക്കാതെ തിന്നുവിൻ, ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതല്ലോ. [27]അവിശ്വാസികളിൽ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ നിങ്ങൾക്കു പോകുവാൻ മനസ്സുണ്ടെങ്കിൽ, നിങ്ങളുടെ മുമ്പിൽ വിളമ്പുന്നത് എന്തായാലും മനസ്സാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ തിന്നുവിൻ. [28]എങ്കിലും, ഒരുവൻ "ഇതു വിഗ്രഹാർപ്പിതം", എന്നു നിങ്ങളോടു പറഞ്ഞാൽ, ആ അറിയിച്ചവൻ നിമിത്തവും, മനസ്സാക്ഷി നിമിത്തവും, തിന്നരുത്; [29]മനസ്സാക്ഷി എന്നു ഞാൻ പറയുന്നതു, തന്റെതല്ല**

**മറ്റവന്റേതത്രെ; എന്റെ സ്വാതന്ത്ര്യം അന്യ മനസ്സാക്ഷിയാൽ വിധിക്കപ്പെടുന്നത് എന്തിന്ന്? [30]നന്ദിയോടെ അനുഭവിച്ചു സ്തോത്രം ചെയ്ത സാധനം നിമിത്തം, ഞാൻ ദുഷിക്കപ്പെടുന്നത് എന്തിന്ന്?**

കർത്താവിനു ക്രോധം ജനിപ്പിക്കുന്ന വിഗ്രഹാരാധനയാണ് വിഗ്രഹത്തിന് സമർപ്പിക്കപ്പെട്ട ക്ഷേത്രത്തിൽ ഭക്ഷണം പങ്കു വയ്ക്കുന്നതെന്ന് പൗലൊസ് സ്ഥാപിച്ചു. അവൻ പഠിപ്പിക്കുന്നത് മാംസം ഭക്ഷിക്കുന്നത് പാപമാണ് എന്നർത്ഥത്തിലല്ല, എന്നാൽ ഭക്ഷണത്തിന്നിരിക്കുന്ന സാഹചര്യമാണ് പാപം നിർണ്ണയിക്കുന്നത്.

അപ്പൊസ്തലൻ എഴുതിയത് രണ്ടാമത് ഒരു കാരണം കൂടി ഉണ്ടായിരുന്നതുകൊണ്ടാണ്. ബലഹീന സഹോദരന്റെ വിശ്വാസത്തിൻമേലുള്ള ഒരു വ്യക്തിയുടെ പെരുമാറ്റത്തിന്റെ സ്വാധീനം പരിഗണിക്കപ്പെടുന്നു, വിഗ്രഹാർപ്പിതമായ മാംസം ഒരു വ്യക്തി ഭക്ഷിക്കുന്നു എന്ന പെരുമാറ്റം.

**വാക്യം 23.** ഈ വാക്യത്തിലെ ഒരു പ്രധാനപ്പെട്ട പദമാണ് കർത്തവ്യം (ἔξεστιν, *എക്സ്സ്റ്റിൻ*). എന്തു ചെയ്യുവാനാണ് ക്രിസ്തു തന്റെ ജനത്തിന് അധികാരം നല്കിയിട്ടുള്ളത്? എല്ലാവരാലും സ്വീകരിക്കപ്പെടുന്ന ക്രിസ്തീയ പെരുമാറ്റത്തിന്റെ പരിമിതികളെന്തെല്ലാം? ഓരോ കാര്യങ്ങളെയും തരംതിരിച്ച് ശരിക്കല്ലെങ്കിൽ തെറ്റ് എന്ന തലക്കെട്ടുകളിലേക്ക് കൊണ്ടു വരുവാൻ സാധിക്കും, ക്രിസ്തീയ ജീവിതം എന്നത് അതിലും കൂടുതൽ സങ്കീർണ്ണമാണ്. സാധാരണയായി ചെയ്യുന്ന ഒരു കാര്യം ചില സാഹചര്യങ്ങളിൽ നിഷ്കളങ്കവും മറ്റു ചില സാഹചര്യങ്ങളിൽ കുറ്റബോധം ജനിപ്പിക്കുന്നതുമാവാം. സാഹചര്യങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. അതുപോലുള്ള ഒരു കാര്യമാണ് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത്.

സകലത്തിനും കർത്തവ്യം ഉണ്ട് എന്ന പ്രസ്താവന സകലവും പ്രയോജനമുള്ളതാണെന്ന് അർത്ഥം അല്ല നല്കുന്നത്. സഹോദരി സഹോദരൻമാരെ സ്നേഹിക്കുന്ന ഒരു ക്രിസ്ത്യാനി തന്റെ പ്രവൃത്തി അവരെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പരിഗണിക്കുന്നു. പെരുമാറ്റം നിഷ്ക്കളങ്കമാണെങ്കിലും, ബലഹീന മനസ്സാക്ഷിയുള്ള ഒരാൾക്ക് ഇടർച്ചയാകുവാനുള്ള സാധ്യതയുണ്ട്. ദൈവജനത്തെ കെട്ടുപണി ചെയ്യുവാനാണ് ശക്തരായ ക്രിസ്ത്യാനികൾ ആഗ്രഹിക്കേണ്ടത്. അതുകൊണ്ട്, ന്യായപ്രമാണം അനുസരിക്കുന്ന ഒരു വ്യക്തിക്ക് ഓരോ പെരുമാറ്റവും ശരിയോ തെറ്റോ എന്ന ചോദ്യങ്ങൾക്ക് ഉത്തരം നല്കേണ്ടതായിരുന്നു. കർത്തവ്യം ഉള്ളവനായിരിക്കുന്നതുകൊണ്ട് ചെയ്യുന്ന പ്രവൃത്തികൾ ശരിയായിരിക്കണമെന്നില്ല.

ചിലർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചുകൊണ്ട് അവരുടെ പാപം നിറഞ്ഞ ജീവിതശൈലി ഒഴിവാക്കിയെങ്കിലും ഇനിയും ധാരാളം കാര്യങ്ങളിൽ മാറ്റം ആവശ്യമുണ്ട്. അവർ വ്യഭിചാരവും മോഷണവും ഒഴിവാക്കിയാൽ മാത്രം പോരായിരുന്നു (6:9–11 വരെ നോക്കുക). യേശു തന്റെ ശിഷ്യൻമാരെ ഉന്നതമായ ഒരു ജീവിതത്തിന്നായാണ് വിളിച്ചിരിക്കുന്നത്. മുമ്പുള്ള വ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ, പൗലൊസ് ചോദിച്ചു "നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തതു എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തതു എന്ത്?" (6:7). ഒരു ക്രിസ്ത്യാനി അധികാരങ്ങൾക്കു കൂടുതൽ പ്രാധാന്യം കൊടുക്കുമ്പോൾ കർത്താവ് വച്ചിരിക്കുന്ന മാതൃക മനസ്സിലാക്കന്നതിൽ പരാജയപ്പെടുന്നു.

എന്തിനൊക്കെയാണ് അല്ലെങ്കിൽ എന്തിനൊക്കെയല്ല കർത്തവ്യം ഉള്ളത്

എന്ന ചോദ്യങ്ങൾക്കുപരിയായി, അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നത് അയൽക്കാരനായ ഒരുവന്റെ നല്ല-ജീവിതത്തെ അന്വേഷിക്കുവാനുള്ള ഉത്തരവാദിത്തം ഉണ്ടെന്നുള്ളതാണ്. ഒരു വ്യക്തിയുടെ അധികാരങ്ങൾക്കു വേണ്ടി വാദിക്കുക എന്നുള്ളത് എപ്പോഴും (അല്ലെങ്കിൽ ഒരു പക്ഷെ എന്നേയ്ക്കും) വിശ്വാസിക്ക് ചേർന്ന കാര്യമാകണമെന്നില്ല.

**വാക്യം 24**. ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ച് ഒരു ചോദ്യമുണ്ടാകുമ്പോൾ, ക്രിസ്ത്യാനികളുടെ പെരുമാറ്റം മറ്റുള്ളവരെ ബാധിനിക്കുമ്പോൾ, പൗലൊസ് വാദിക്കുന്നു, ഒരുത്തൻ സ്വന്ത ഗുണമല്ല അന്വേഷിക്കേണ്ടത്.[13] ഒരു വിശ്വാസി "സ്വന്ത ഗുണമല്ല അന്വേഷിക്കേണ്ടത്" എന്ന് പൗലൊസ് പറയുമ്പോൾ, ഒഴിവാക്കപ്പെടേണ്ട സ്വയം-സേവിക്കുന്ന ശീലങ്ങളുടെ ഒരു പട്ടിക വായനക്കാർ തയ്യാറാക്കട്ടെ എന്ന് അവൻ വിചാരിച്ചു. ക്രിസ്ത്യാനികളുടെ മുൻഗണന അവന്റെ തന്നെ ലാഭത്തിലും അന്തസ്സിലും, പ്രത്യേക അവകാശത്തിലും ആയിരിക്കരുത്. അതിനു പകരം, അവൻ അന്വേഷിക്കേണ്ടത് മറ്റുള്ളവന്റെ ഗുണം, നല്ല ജീവിതം, ആത്മീക വർദ്ധന എന്നിവയാണ്.

**വാക്യങ്ങൾ 25, 26**. പൗലൊസിന്റെ ലേഖനത്തിന്റെ വിവിധ വിഭാഗങ്ങൾ കൊരിന്തിലെ ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്തിരുന്നത് വ്യത്യസ്തമായാണ്. സഭയിൽ ഉടനീളം ഭിന്നതകൾ വെളിപ്പെട്ടിരുന്നു, എന്നാൽ ചിലർ മറ്റു ചിലരെക്കാൾ പക്ഷം പിടിക്കുന്ന ആത്മാവിനാൽ ബാധിക്കപ്പെട്ടിരുന്നു. എല്ലാ വിശ്വാസികളും തങ്ങളുടെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ പൊതുവായുള്ള കോടതികളെ സമീപിച്ചിരുന്നില്ല, അതുപോലെ തന്നെ ആത്മീക വരങ്ങളിലും സഹോദരൻമാരെല്ലാരും ഒരുപോലെ എരിവുള്ളവരായിരുന്നില്ല. ഇതുപോലെതന്നെ, വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിലെ മാംസം ഭക്ഷിക്കുവാൻ എല്ലാ വിശ്വാസികളും ഒരു പോലെ താല്പര്യപ്പെട്ടിരുന്നില്ല. ഈ കാര്യത്തോട് ബന്ധപ്പെട്ട്, പൗലൊസ് പ്രാഥമികമായി ഉപദേശിക്കുന്നത് ക്രിസ്ത്യാനികളായി കഴിഞ്ഞിട്ടും തൊഴിൽപരമായുള്ള സംഘങ്ങളിൽ പങ്കെടുക്കുന്ന സമ്പന്നരായ യെഹൂദാ ശില്പികളെയും വ്യാപാരികളെയുമാണ്. പൗലൊസ് അവരുടെ പെരുമാറ്റത്തെ മാറ്റുവാനായി എങ്ങനെയെല്ലാം വിമർശിച്ചാലും അത് ക്രിസ്തുവിലേക്ക് വരുന്നതിനു മുമ്പ് അവർക്ക് കൂടെയുണ്ടായിരുന്ന യെഹൂദന്മാരിൽ നിന്ന് നേരിട്ടതിന് ഒപ്പമാകുകയില്ല. അവർ സിനഗോഗുകളിൽ ഉണ്ടായിരുന്നപ്പോൾ കേട്ടതുപോലെയുള്ള വിമർശനങ്ങളെയാണ് പൗലൊസിന്റെ പ്രതിപാദത്തെ സ്വീകരിച്ചത്.

പൗലൊസിനോട് നടത്തിയ വാദം ഉറപ്പിക്കുന്നത് "വിഗ്രഹം ഏതുമല്ല" എന്നുള്ളതാണ്. ആ ദൈവങ്ങൾ നിലനില്പ്പില്ലാത്തവയാണെന്ന് ക്രിസ്ത്യാനികൾ അറിഞ്ഞിരുന്നതിനാൽ, വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ വച്ച് ജാതിയ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുമ്പോൾ അവർക്ക് വിഗ്രഹാരാധനയാണ് നടത്തുന്നത് എന്ന യാതൊരു കുറ്റബോധവും ഇല്ലായിരുന്നു. യവനദൈവത്തിനു മുമ്പ് സമർപ്പിക്കപ്പെട്ട മാംസം ദൈവത്തിനുള്ളതാണെന്ന് വാദിക്കാതിരിക്കുവാൻ പൗലൊസ് ശ്രദ്ധിച്ചിരുന്നു. ആ ദൈവം ഏതുമല്ല എന്ന് അവൻ സമ്മതിച്ചിരുന്നു. ഒന്നുമല്ലാത്തതിനെ ആരാധിക്കുവാൻ ഒരാൾക്കും കഴിയില്ല; അതുപോലെതന്നെ പുകഴ്ത്തുവാനോ അല്ലെങ്കിൽ പരാതി പറയുവാനോ സാധിക്കുകയില്ല. അതുകൊണ്ട്, ഒരു ക്രിസ്ത്യാനി ചന്ത സ്ഥലത്തേക്ക് ചെന്ന് ജാതിയ യാഗപീഠത്തിനു മുമ്പിൽ സമർപ്പിക്കപ്പെട്ട മാംസം വാങ്ങുന്നതിൽ, അവന് യാതൊരു കുറ്റബോധവുമുണ്ടായിരുന്നില്ല. എന്തായിരുന്നാലും, വിഗ്ര

ഹങ്ങളുള്ള ക്ഷേത്രത്തിൽ വെച്ച് മാംസം ഭക്ഷിച്ചിരുന്നില്ല. ഇത്തരത്തിലുള്ള പരിശീലനം ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുവാൻ സാധിക്കാത്തതോ അല്ലെങ്കിൽ താല്പര്യമില്ലാത്തതോ ആയ ക്രിസ്ത്യാനികളുടെ വിശ്വാസത്തെ ബലഹീനമാക്കുമെന്ന് പൗലൊസ് പറഞ്ഞു.

വിഗ്രഹാരാധനയെ നിർവ്വചിക്കുന്ന കാര്യത്തിൽ ചിതറിപ്പോയ യെഹൂദൻമാരെക്കാൾ കർക്കശക്കാരനായിരുന്നു അപ്പൊസ്തലൻ, പക്ഷെ അവൻ യെഹൂദ്യയിലുള്ളവരെക്കാൾ സ്വതന്ത്ര ചിന്താഗതിക്കാരൻ ആയിരുന്നുവോ? ഇതിനുള്ള തെളിവ് അങ്ങാടിയിൽ വില്ക്കുന്നത് എന്തെങ്കിലും ഒന്നും അന്വേഷണം കഴിക്കാതെ തിന്നുവിൻ (10:25) കൂടാതെ "... വിഗ്രഹാർപ്പിതങ്ങൾ വർജ്ജിച്ചുകൊണ്ടാൽ നന്ന്" (പ്രവൃ. 15:29) എന്നു കാണാവുന്നതാണ്. എന്തായിരുന്നാലും, ഇവ നിർത്തലാക്കുന്നതിന്റെ പശ്ചാത്തലത്തിലുള്ള പ്രശ്നവും ഉണ്ടായിരുന്നില്ല (ഗലാ. 2:12); എന്നാൽ യെരുശലേം സഭയിൽ നിന്നുള്ള സന്ദർശകരാണ് വിഗ്രഹാർപ്പിതങ്ങളെകുറിച്ചുള്ള ചോദ്യങ്ങൾ യെഹൂദാ വിശ്വാസികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. മലിനമാക്കപ്പെട്ട ഭക്ഷണം ജാതികളുമൊത്ത് മേശയിൽ പങ്കിടുന്നത് ഒഴിവാക്കുന്നതിൽ പത്രൊസും മറ്റുള്ളവരും തങ്ങളെതന്നെ വേർപെടുത്തിയിരുന്നു, ഇക്കാര്യത്തിൽ പത്രൊസിനെതിരെ പൗലൊസ് എഴുന്നേറ്റു, മേശയിലെ കൂട്ടായ്മയിൽ എല്ലാവരും പങ്കെടുക്കുകയാണെങ്കിൽ വിഗ്രഹാർപ്പിതമായ മാംസം അന്ത്യോക്യയിലുള്ള യെഹൂദൻമാരും ജാതികളും ആയ ക്രിസ്ത്യാനികൾ ഒഴിവാക്കണമെന്നാണ് പക്ഷേ അവൻ പറയുന്നത്.

യെരുശലേം സഭയുടെ തീരുമാനത്തെ പൗലൊസ് അംഗീകരിച്ചിരുന്നു (പ്രവൃ. 15:30; 16:4 നോക്കുക) യെഹൂദരും ജാതികളും ആയുള്ള ക്രിസ്ത്യാനികളുടെ ഐക്യതയ്ക്ക് വേണ്ടിയാണ് ഇങ്ങനെ ചെയ്തത് (വെളി. 2:14, 20 നോക്കുക); ഇങ്ങനെ ഒരു പ്രശ്നം ഇല്ലായിരുന്നുവെങ്കിൽ, അങ്ങാടിയിൽ നിന്നും വിഗ്രഹാർപ്പിതം ആണെങ്കിൽപോലും മാംസം വാങ്ങുന്നതിന് അപ്പൊസ്തലന് യാതൊരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. യെഹൂദൻമാരും ക്രിസ്ത്യാനികളായ വിശ്വാസികളും തമ്മിൽ മേശയിലുള്ള കൂട്ടായ്മയെക്കുറിച്ചായിരുന്നില്ല കൊരിന്തിലെ പരിഗണന; പരിഗണന മുഴുവൻ ബലഹീന വിശ്വാസികൾക്കുണ്ടാകുന്ന ഇടർച്ചയെക്കുറിച്ചായിരുന്നു.

ആകെ ഈ ഒരു പ്രാവശ്യമെ മാംസം വില്ക്കുന്ന ചന്ത (μάκελλον, *മാക്കെലോൺ*) പുതിയ നിയമത്തിൽ ഈ ഒരു പദം യവനലേഖനങ്ങളിൽ ബി. സി. 400നു മുമ്പു തന്നെ കണ്ടിട്ടുണ്ട്. ഈ പദത്തിന്റെ ലാറ്റിൻ തർജ്ജിമ, മാക്കെല്ലം, കൊരിന്തിലെ ലെച്ചയം റോഡിൽ ചന്തസ്ഥലത്തോട് ബന്ധപ്പെട്ട് പുരാതന ലിഖിതങ്ങളിൽ ഈ പദം ഉപയോഗിച്ചിരുന്നു. വിവിധ ദൈവങ്ങൾക്കായി സമർപ്പിക്കപ്പെട്ട മൃഗങ്ങളുടെ മാംസമാണ് ഈ ചന്തയിൽ കൂടുതലായി വിറ്റിരുന്നത്.[14] അധിക മാംസം വിഗ്രഹാരാധകരോ ക്ഷേത്ര അധികാരികളോ ഭക്ഷിക്കാതെ പൊതു ജനത്തിനു വില്ക്കുകയായിരുന്നു പതിവ്. വിഗ്രഹാർപ്പിതമായ മാംസം വിശ്വാസികൾ വാങ്ങുമ്പോൾ, വിലയുടെ അല്പഭാഗം വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളുടെ സഹായത്തിനായി പോയിരുന്നു. ഈ സാമ്പത്തിക പ്രശ്നത്തെ പൗലൊസ് പരിഗണിച്ചിരുന്നതായി കാണുന്നില്ല. ഒരു വിശ്വാസിക്ക് അവൻ വാങ്ങുന്ന സാധനങ്ങളുടെ ലാഭം എങ്ങനെ വിനിയോഗിക്കുന്നു എന്ന ചോദ്യത്തിനു ഉത്തരം നല്കുവാൻ സാധിക്കുകയില്ല.

വിഗ്രഹാർപ്പിതമായി ചന്ത സ്ഥലത്ത് ലഭിക്കുന്ന എതൊരു മാംസവും

നല്ലതും ദൈവസൃഷ്ടിയുടെ ഭാഗമാണ്. ഭൗതിക കാര്യങ്ങൾ സ്വാഭാവികമായി പൈശാചികമല്ല. ഒരു മാംസകഷണത്തിന്റെ ചരിത്രം കണ്ടുപിടിക്കുന്നതു കൊണ്ട് ആരും വിശുദ്ധരായിത്തീരുന്നില്ല. ഭൂമിയും അതിന്റെ പൂർണ്ണതയും, കർത്താവിന്നുള്ളതല്ലോ (10:26; സങ്കീ. 24:1 നോക്കുക).

**വാക്യം 27.** പൗലൊസ് പിന്നീട് രണ്ടാമതൊരു സാഹചര്യത്തിലേക്ക് തിരിയുന്നു, പൊതുവായുള്ള ചന്തയിൽ മാംസം വാങ്ങുന്നതിനെ പറ്റിയുള്ള സത്യം എന്താണോ അതു തന്നെയാണ് അവിശ്വാസികളിൽ ഒരുവന്റെ ഭവനത്തിൽ വിളമ്പുന്ന മാംസത്തിന്റെയും സത്യം, സ്വകാര്യമായി മാംസം ഭക്ഷിച്ചിരുന്നത് കളങ്കിതമായ കാര്യം ആയിരുന്നില്ല, ഒരു വിഗ്രഹത്തിനു മുമ്പിൽ സമർപ്പിക്കപ്പെട്ടതോ അല്ലാത്തതോ ആയ മാംസമാണ് അതെങ്കിൽപോലും നിങ്ങളുടെ മുമ്പിൽ വിളമ്പുന്നത് തിന്നുവിൻ, പൗലൊസ് പറഞ്ഞു, ഒരുവന്റെ മനസ്സാക്ഷിക്ക് കുറ്റബോധമോ ഇടർച്ചയോ ആകാതെ ഇതു ചെയ്യുവാൻ കഴിയുമെന്ന് സൂചിപ്പിച്ചു-യവന-ഭാഷ സംസാരിക്കുന്ന ലോകത്തിൽ നിലനിന്നിരുന്ന സാന്മാർഗിക ജീവിതവുമായി അവന് യാതൊരു പങ്കും ഉണ്ടായിരുന്നില്ല. സാൻമാർഗ്ഗികമായി നിഷ്പക്ഷമായ പ്രവർത്തനങ്ങളിൽ നിന്നോ ചില ഭക്ഷണങ്ങളിൽ നിന്നോ ഒഴിവാകുന്നതു മൂലം ഒരു വ്യക്തി വിശുദ്ധനാണെന്ന് കരുതുവാൻ സാധിക്കുകയില്ല.

മാംസം ഭക്ഷിക്കുന്നതിലൂടെ ഒരു ക്രിസ്ത്യാനി വിഗ്രഹത്തെ ആരാധിക്കുന്നില്ല. പൗലൊസും അവന്റെ എതിർവാദക്കാരും സമ്മതിക്കുന്ന ഒരു കാര്യമാണ്, മനസ്സിന്റെയും ഹൃദയത്തിന്റെയും വിഗ്രഹാരാധന എന്നുള്ളത് അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് പൗലൊസ് വാദിക്കുന്നത് വിഗ്രഹങ്ങളെ ആരാധിക്കുന്ന പൊതു ആചാരങ്ങളിൽ ഒരു വ്യക്തി ശാരീരികമായി പങ്കെടുക്കുമ്പോൾ, വിഗ്രഹാരാധനയുടെ പ്രത്യേകതയും വിഗ്രാഹാരാധനയുടെ അന്തസത്തയും ഒരുമിച്ചു ചേർന്ന് ഒന്നായിത്തീരുന്നത് കാണുവാൻ കഴിയും, വിഗ്രഹാരാധനയെന്നുള്ളത് മാംസം ഭക്ഷിക്കുന്ന കേവലം ഒരു യാന്ത്രിക പ്രവൃത്തി അല്ലെങ്കിൽ പൊതു പ്രദർശനം ഒഴിവാക്കേണ്ടതാണ്. ഒരു സ്വകാര്യഭവനത്തിൽ ക്രിസ്ത്യാനി മാംസം ഭക്ഷിക്കുന്നതിനേക്കാൾ, വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വെച്ച് മതപരമായ ആചാരങ്ങളിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് അവൻ പരിഗണനയുള്ളവനായിരിക്കണം.

പൗലൊസ് വിശ്വാസികളോട് പറഞ്ഞു ഒന്നും അന്വേഷിക്കാതെ മനസ്സാക്ഷി നിമിത്തം (διὰ τὴν συνείδησιν, *ഡിയാ റ്റെൻ സുനെപൈസിൻ*) ഭക്ഷിക്കുകയെന്ന്. ഈ മാംസം ഭക്ഷിക്കുന്നതു കൊണ്ട് വിശ്വാസികൾ-അല്ലാത്തവർ നിങ്ങളെ കുറച്ചു കാണുമെന്ന് ഭയപ്പെടരുത് എന്നാണ് അവൻ തന്റെ വായനക്കാരോടു പറയുന്നത്. ഒരു വിശ്വാസിയോട് വിശദമായി പറയുന്നില്ല എങ്കിൽ, വിഗ്രഹാർപ്പിതം ഭക്ഷിക്കാതിരിക്കുവാൻ അവന് യാതൊരു കാരണവുമില്ല.

"മനസ്സാക്ഷി" (συνείδησις, *സുനെഡെസിസ്*) എന്ന പദം രണ്ടു പ്രാവശ്യം അപ്പൊസ്തല പ്രവൃത്തിയിലും ഇരുപത്തി ഒൻപതു പ്രാവശ്യം ലേഖനങ്ങളിലുമുണ്ട്. ഈ പദം എട്ടു പ്രാവശ്യം 1 കൊരിന്ത്യർ 8ഉം 10ഉം അദ്ധ്യായങ്ങളിലായി കാണാം. കൂടാതെ ഇതിൽ അഞ്ച് പ്രാവശ്യവും 10:25-29 വരെയുള്ള വേദഭാഗത്തിലാണ്. യവന ലോകത്തിൽ "മനസ്സാക്ഷി", ബഹുമാനത്തേയും ലജ്ജയേയും കുറിക്കുന്നു, ഇത് ഏറ്റവും അധികം ബന്ധപ്പെട്ടിരിക്കുന്നത് മറ്റുള്ളവരുടെ കണ്ണിൽ ഒരു വ്യക്തിക്കുള്ള സ്ഥാനത്തെ ഓർമ്മിപ്പിക്കുന്നു. ഒരു നല്ല മനസ്സാക്ഷി ഉണ്ടാകുകയെന്നാൽ അയൽക്കാരുടെ മുമ്പിൽ ലജ്ജിക്കപ്പെ

ടാതിരിക്കുക എന്നാണർത്ഥം. "മനസ്സാക്ഷി" എന്ന പദം ആദിമ നൂറ്റാണ്ടിൽ മാറ്റങ്ങൾ നിറഞ്ഞതായിരുന്നു, കൂടാതെ ഈ പശ്ചാത്തലത്തിലുള്ള പൗലൊസിന്റെ പദപ്രയോഗം ഈ ലേഖനത്തെപ്പറ്റിയുള്ള വ്യാഖ്യാനിക്കുവാൻ ബുദ്ധിമുട്ടു നിറഞ്ഞ ചോദ്യങ്ങളിലേക്കു വഴി തെളിക്കുന്നു.

**വാക്യം 28**. ഒരു അവിശ്വാസിയുടെ ഭവനത്തിൽ ഒരു വിശ്വാസിക്ക് മാംസം വിളമ്പുന്നതാണ് മൂന്നാമത്തെ സാഹചര്യം ആശയത്തിന്റെ തുടർച്ച ക്രിസ്തീയ സമൂഹവും അവിശ്വാസികളുടെ സംസ്ക്കാരവും തമ്മിലുള്ള പരസ്പര വിരുദ്ധ ബന്ധത്തെക്കുറിച്ചാണ് പൗലൊസ് പ്രസ്താവിക്കുന്നത്. മറ്റ് വിരുന്നുകാരുടെ മുമ്പിൽ ഒരു ക്രിസ്ത്യാനിയെ താഴ്ത്തി കാണിക്കുവാനായി ഒരു ജാതിയനായ വ്യക്തി ഭക്ഷണത്തിന് ക്ഷണിച്ചു എന്നു വരാം. പൗലൊസ് പ്രസ്താവിക്കുന്നത് എങ്കിലും ഒരുവൻ (അവനോട് പറഞ്ഞാൽ), "ഇതു വിഗ്രഹാർപ്പിതം" എന്ന സാഹചര്യത്തിൽ ഒരു ക്രിസ്ത്യാനി എന്തു ചെയ്യണം, "ആരെങ്കിലും" എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ക്രിസ്ത്യാനിയെ ഭക്ഷണത്തിനു ക്ഷണിച്ച "അവിശ്വാസിയെ" ആയിരിക്കും 10:27.[15] ഒരവസരത്തിൽ, മറ്റ് വിരുന്നുകാരുടെ സാന്നിദ്ധ്യത്തിൽ, ആതിഥേയൻ ക്രിസ്ത്യാനിയോട് പറയുമായിരിക്കും, "ഈ മാംസം വിഗ്രഹാർപ്പിതമാണ്" എന്ന്.[16] വ്യക്തിപരമായും വിശ്വാസപരമായും ഉള്ള സത്യസന്ധത നിമിത്തം, വിശ്വാസി, വിഗ്രഹാർപ്പിതമായ മാംസമാണ് എന്ന് ഒരിക്കൽ മനസിലാക്കി കഴിഞ്ഞാൽ, അതിൽ കൂടുതൽ ഒന്നും ചെയ്യുവാനില്ല.

ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ, ഒരു ക്രിസ്ത്യാനി അവനെതന്നെ ഒരു പ്രത്യേക സാഹചര്യത്തിലായിരിക്കും കാണുന്നത്. വിഗ്രഹാർപ്പിതമെന്ന് മനസ്സിലാക്കിയതിന് ശേഷം ഭക്ഷിക്കുകയാണെങ്കിൽ, മറ്റൊരു ദൈവത്തിലുള്ള അവന്റെ ആശ്രമായതിനെ വ്യാഖ്യാനിച്ചേക്കാം. പൗലൊസ് മുറുകെ പിടിക്കുന്നതു പോലെ ക്രിസ്ത്യാനികൾ ഒരിക്കലും അവരുടെ ഏക ദൈവ വിശ്വാസത്തെ മറ്റ് വിശ്വാസങ്ങളോട് അനുരഞ്ജനം ചെയ്യരുത്, ദൈവത്തെ മാത്രമാണ് അവർ ആരാധിക്കുന്നത്, ഇവിടെ അവൻ വീണ്ടും മനസ്സാക്ഷി എന്ന പദം ഉപയോഗിക്കുന്നു (10:28 ബി). ക്രിസ്ത്യാനി അവനെ അറിയിച്ചവൻ നിമിത്തം ഭക്ഷിക്കുന്നില്ല. വിശ്വാസിയുടെ നിരാകരണം എങ്ങനെയാണ് ആതിഥേയൻ പരിഗണിക്കുന്നത്?

**വാക്യം 29**. പൗലൊസ് വ്യക്തമാക്കുന്നത് (ഞാൻ പറയുന്നത് എന്ന പദപ്രയോഗത്തിലൂടെ) മാംസത്തിന്റെ ഉറവിടം വെളിപ്പെടുത്തിയവനും ഭക്ഷണത്തിന് ക്ഷണിച്ചവനുമായ അവിശ്വാസിയുടെ മനസ്സാക്ഷി നിമിത്തം ക്രിസ്ത്യാനി ഭക്ഷിക്കരുതെന്ന് ആണ്.

പൗലൊസ് ഇവിടെ ഊഹിക്കുന്നത് ഒരു അവിശ്വാസി ക്രിസ്ത്യാനിയെ ഭക്ഷണത്തിന് ക്ഷണിക്കുന്നത് പുതിയ മതമായ ക്രിസ്ത്യാനിത്വത്തെ താഴ്ത്തി കാണിക്കുവാനാണെന്നാണ്. ക്രിസ്ത്യാനിയെ മറ്റുള്ളവരുടെ മുമ്പിൽ ഒരു കാഴ്ചയാകുവാനാണ് കാണിച്ചിരിക്കുന്നതെന്നും അവൻ സങ്കല്പിക്കുന്നു. അവിശ്വാസിയുടെ "മനസ്സാക്ഷി"-മറ്റുള്ളവർക്ക് അവനെ കുറിച്ചുള്ള കാഴ്ചപ്പാട്-വളരെ വ്യത്യസ്തവും വിഗ്രഹാർപ്പിതം എന്ന അറിവോടെ വിശ്വാസി മാംസം ഭക്ഷിക്കുകയാണെങ്കിൽ.

ഇതൊരു പരസ്യ കാഴ്ചയ്ക്ക് കാരണമാകുന്ന സാഹചര്യത്തിൽ ക്രിസ്ത്യാനി ഭക്ഷണം കഴിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുവാൻ നിർബന്ധിതനാവും, ആതിഥേയൻ പ്രതീക്ഷിക്കുന്നത് ഒരു അനുരഞ്ജന

ത്തിന് തയ്യാറായികൊണ്ട് ക്രിസ്ത്യാനി ഭക്ഷണം തുടരുമെന്നാണ്. ഇതിനെ വിവേചനം ചെയ്യുവാമാണ് പൗലൊസ് ഉപദേശിക്കുന്നത്: അവന്റെ സത്യസന്ധതയിൽ നിലനിൽക്കുക, ഭക്ഷണം കഴിക്കാതിരിക്കുക, കൂടാതെ ഇതിലൂടെ വിഗ്രഹാരാധനയെ പറ്റിയുള്ള കാഴ്ചപ്പാട് വെളിപ്പെടുത്തുക, ക്രിസ്ത്യാനി തന്റെ സത്യസന്ധത വെളിപ്പെടുത്തുകയാണെങ്കിൽ, അവിശ്വാസി അവിടെ പരാജയപ്പെടുക തന്നെ ചെയ്യും. അവിശ്വാസിയുടെ സുഹൃത്തുക്കൾ അവന്റെ ക്രൂര വിനോദം കാണുകയും, അവന്റെ ചിന്തകൾ മലിനമാകുകയും ചെയ്യും.

അവിശ്വാസത്തിന് (γάρ, ഗാർ, "വേണ്ടി"), തെളിവായി, പൗലൊസ് ചോദിച്ച രണ്ട് ചോദ്യങ്ങളിൽ ആദ്യത്തേത്: എന്റെ സ്വാതന്ത്ര്യം അന്യ മനസാക്ഷിയാൽ വിധിക്കുപ്പെടുന്നതു എന്തിനു? പൗലൊസിന്റെയും മറ്റൊരു ക്രിസ്ത്യാനിയുടെയും സ്വാതന്ത്ര്യം മറ്റൊരു വ്യക്തിയുടെ ചിന്തകൾ നിമിത്തം നല്ല മനസാക്ഷിക്കു പകരം നഷ്ടമാകുന്നതെന്തിന്? അപ്പോസ്തലന്റെ കാഴ്ചപ്പാടുകൾ ക്രിസ്ത്യാനികൾ പിന്തുടരുവാൻ പ്രോത്സാഹിപ്പിക്കുന്നു. ഒരു ലോല ഹൃദയമുള്ള ആതിഥേയന്റെ മനസിൽ മാംസം ഭക്ഷിക്കുവാനായി ഒരു ക്രിസ്ത്യാനികൾ തന്റെ സ്വാതന്ത്ര്യത്തിന്റെ വില നല്കുക എന്നത് വിശ്വാസത്തിന്റെ അനുരജ്ഞനം ആയിരിക്കും.

**വാക്യം 30**. അതിനുശേഷം പൗലൊസ് ചോദിച്ചു, നന്ദിയോടെ അനുഭവിച്ചു സ്തോത്രം ചെയ്ത സാധനം നിമിത്തം ഞാൻ ദുഷിക്കപ്പെടുന്നതു എന്തിനു? അവന് നന്ദിയോടെ പങ്കെടുക്കുവാനുള്ള അധികാരമുള്ളപ്പോൾ, ആ അധികാരത്തെ മേശയിൽ വിളമ്പുന്നതു വിഗ്രഹാർപ്പിതമാണെന്നുള്ള അവിശ്വാസിയുടെ അറിയിപ്പിനാൽ മാറ്റപ്പെട്ടത്.

പ്രതിരോധിക്കുന്നതിന്റെ ഭാഗമായാണ് ഈ സാഹചര്യത്തിൽ പൗലൊസ് ആലങ്കാരിക ചോദ്യങ്ങൾ ചോദിച്ചത്. എന്തുകൊണ്ടാണ് ഒരു ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യം എന്തിന് നീയന്ത്രിക്കപ്പെടണം? എന്തുകൊണ്ടാണ് ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് പങ്കെടുക്കുന്ന ഭക്ഷണത്തിന്റെ പേരിൽ ഒരു ക്രിസ്ത്യാനി വിമർശിക്കപ്പെടുന്നത്? ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ സ്വയം-വെളിപ്പെടുത്തേണ്ടവയാണ്. ഒരു ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ മനസാക്ഷിയാൽ വിധിക്കപ്പെടേണ്ടതോ, സ്തോത്രം ചെയ്ത സാധനം നിമിത്തം ദുഷിക്കപ്പെടേണ്ടതോ അല്ല. എന്തായിരുന്നാലും, പൗലൊസ് വിശദീകരിച്ചതുപോലെ, അവന്റെ വിശ്വാസത്തിന്റെ അനുരജ്ഞനം വേണമോ അതോ സ്വാതന്ത്ര്യം ഏകീകരിക്കണമോ എന്ന് ഭക്ഷണത്തിന് ക്ഷണിക്കപ്പെട്ടയാൾ തീരുമാനിക്കണം. ഇത്തരം സാഹചര്യങ്ങളിൽ, സത്യഏകദൈവത്തിലുള്ള അവന്റെ വിശ്വാസം പ്രദർശിപ്പിക്കണം. സുവിശേഷം യവന-റോമ ലോകത്തിൽ പ്രചരിച്ചുകൊണ്ടിരുന്ന സമയത്ത് അതിനു വിഘാതം വരുത്തുന്ന വിധം മാംസം ഭക്ഷിക്കുന്നത് ഒഴിവാക്കുക. ക്രിസ്തീയ സ്വാതന്ത്ര്യം എന്നത് എല്ലാ നിബന്ധനകളിൽ നിന്നും ഒഴിവാകണമെന്ന് അർത്ഥമില്ല.

## ദൈവ മഹത്വത്തിനായ്
## (10:31-33)

**31ആകയാൽ, നിങ്ങൾ, തിന്നാലും കുടിച്ചാലും എന്തു ചെയ്താലും, എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ 32യെഹൂദൻമാർക്കും യവനൻമാർക്കും ദൈവസഭക്കും ഇടർച്ചയില്ലത്തവരാകുവിൻ; 33എന്നും എന്റെ**

**ഗുണമല്ല പലർ രക്ഷിക്കപ്പെടേണ്ടതിന്, അവരുടെ ഗുണംതന്നെ അന്വേഷിച്ചു കൊണ്ടുള്ള എല്ലാവരെയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ.**

സുവിശേഷം യവന-റോമ ലോകത്തിൽ പ്രചരിച്ചുകൊണ്ടിരുന്നതിനാൽ, ക്രിസ്ത്യാനികളെ എല്ലാവരും സ്ഥിരമായി പരിശോധിക്കുമെന്ന് പൗലൊസ് മനസിലാക്കിയിരുന്നു. പഴിയും ദുഷിയും അവരെ ചുറ്റിയിരുന്നു. അകത്തുനിന്നും പുറത്തുനിന്നും ഉള്ള പ്രശ്നങ്ങൾ സഭയിലുണ്ടായിരുന്നു. എങ്കിലും, പൗലൊസിന്റെ ശുശ്രൂഷയെ പിന്തുടരുവാൻ അവർക്ക് സാധിച്ചു. രാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത്, തെർത്തുല്ല്യൻ, കർത്താവിൽ നിന്നുള്ള എഴുത്തുകാരൻ, ക്രിസ്ത്യാനികളാണ് സമൂഹത്തിലുണ്ടാകുന്ന വിപത്തുകൾക്ക് കാരണം എന്ന് വിശ്വസിച്ചിരുന്നവർക്കെതിരെ പരാതിപ്പെട്ടിരുന്നു:

> പട്ടണത്തിലേതിനനേക്കാൾ മറ്റെവർ ഉയരുകയാണെങ്കിൽ, കൃഷി സ്ഥലങ്ങളിലേക്ക് വെള്ളം എത്തുന്നില്ല എങ്കിൽ, ആവശ്യത്തിന് മഴ നല്കുന്നില്ലെങ്കിൽ, അവിടെ ഒരു ... വരൾച്ചയോ ക്ഷാമമോ അതിനു ഉടൻ തന്നെ അവിടെയുണ്ടാകുന്ന കരച്ചിൽ ഇങ്ങനെയായിരിക്കും, ക്രിസ്ത്യാനികളെ സിംഹങ്ങളുടെ അടുത്തേക്ക് അയക്കുക.[17]

ഇന്ന് ലോകത്തിൽ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം നേടുവാൻ സാധിക്കുന്നിടത്തോളം സൽപ്പേര് നേടുക. നമ്മെ കൊണ്ട് സാധിക്കുന്നിടത്തോളം, നല്ല അയൽക്കാരായിരിക്കുക (റോമ. 12:18 നോക്കുക) ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം ജീവിക്കുക.

**വാക്യം 31.** അപ്പോസ്തലൻ 8:1 ൽ ആരംഭിച്ച വിഗ്രാർപ്പിതങ്ങളെ കുറിച്ചുള്ള ഉപദേശങ്ങൾ ഉപസംഹരിക്കുന്നത് രണ്ട് ആജ്ഞകളോടെയാണ്. അവ ഉത്ഭവിച്ചിരിക്കുന്നത് ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ എന്ന വ്യക്തമായ മുൻഗണനയോടെയാണ്. ദൈവത്തെ മഹത്വപ്പെടുത്തുക എന്ന ഉദ്ദേശ്യത്തെ ഭൂതങ്ങൾക്കായി സമർപ്പിക്കപ്പെട്ട ഭക്ഷണവും പാനീയവുമായി താരതമ്യപ്പെടുത്തുവാൻ സാധിക്കുകയില്ല (10:20, 21). അതു കൂടാതെ, വിശ്വാസികളോ അവിശ്വാസികളോ ആയ ആളുകൾക്ക് മുമ്പിൽ ഒരു വിശ്വാസി വ്യക്തിപരമായൊരു അധികാരങ്ങളിലോ, ബലഹീന വിശ്വാസികളെ സ്വാധീനിക്കുന്ന പ്രവൃത്തികളിലോ ആശ്രയിക്കുന്നത് അവർക്ക് യോജിച്ചതല്ല. തീർച്ചയായും, ക്രിസ്ത്യാനികൾ തിന്നുകയോ കുടിക്കുകയോ ചെയ്യുന്ന പ്രവൃത്തിയെ നിനക്കറിയുന്നതിലൂടെ വിഗ്രഹാരാധികൾക്ക് അവരുടെ ക്ഷേത്രത്തിൽ വച്ച് ഒരു ഇടർച്ചയാകുന്നു. ഇടർച്ച ഒഴിയുവാൻ കഴിയില്ല, പക്ഷെ ഒരു കാര്യം ക്രിസ്ത്യാനികൾ ശ്രദ്ധിക്കണം. അവരും അവിശ്വാസിയുമായി രൂപങ്ങൾ ഉണ്ടാകുവാൻ പാടില്ല. മർട്ടിൻ ലൂഥർ പ്രസംഗിച്ചത്, ഈ വ്യാഖ്യാനവും ഉപസംഹാരമായി കണ്ടാൽ ക്രിസ്തുവിനെ ഉയർത്തുകയും പ്രയോജനമാകുകയും ചെയ്യുന്നതെന്തെല്ലാം എന്നതിലൂടെയാണ്. ഈ ആശയം വിശ്വാസികൾ "ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ" എന്ന പൗലൊസിന്റെ ആഗ്രഹത്തോട് സാമ്യമുള്ളതാണ്.

**വാക്യം 32.** ചില സന്ദർഭങ്ങളിൽ ഒരു ക്രിസ്ത്യാനിക്ക് ദൈവ മഹത്വത്തിനായി പ്രവർത്തിക്കുകയോ അല്ലെങ്കിൽ യെഹൂദൻമാർക്കും യവനൻമാർക്കും ഇടർച്ചയില്ലാത്തവരാകുകയോ തിരഞ്ഞെടുക്കേണ്ടി വരും. ഇത്തരം സന്ദർഭങ്ങളിൽ, ദൈവ മഹത്വത്തിനാണ് മുൻഗണന. ഇങ്ങനെയെന്തെങ്കിലും ഒരു

ക്രിസ്ത്യാനി ചെയ്താൽ നിശ്ചയമായും അത് ഇടർച്ചയ്ക്ക് കാരണമാകും. പൗലൊസ് ഉപദേശിക്കുന്നത് ഇടർച്ചയ്ക്ക് കാരണമാകുന്ന പ്രവൃത്തികൾ ഒഴിവാക്കുമ്പോൾ, വിശ്വാസിക്ക് അവന്റെ മനസ്സിനെ ഇടർച്ചയില്ലാത്ത കാര്യങ്ങളിൽ ഉറപ്പിക്കുവാൻ സാധിക്കുന്നു. അപ്പൊസ്തലൻ തന്റെ ചിന്ത കളെ മുമ്പുതന്നെ വിശദീകരിച്ചു. ക്രിസ്തുവിനോടുള്ള സമർപ്പണത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ, പൗലൊസ് യെഹൂദൻമാർക്ക് യെഹൂദനു, ന്യായപ്രമാണമില്ലാത്തവർക്ക് ന്യായപ്രമാണമില്ലവനായും, കൂടാതെ ബലഹീനർക്ക് ബലഹീനനായിതീർന്നു. ആർക്കും ഇടർച്ചയില്ലാതെ ജീവിച്ചതു കാരണം അവന് എല്ലാ അർത്ഥത്തിലും രക്ഷയ്ക്കായി ക്രിസ്തുവിലേക്ക് ആത്മാക്കളെ നേടുവാൻ സാധിച്ചിരിക്കും (9:20–23).

**വാക്യം 33**. ഒരു ഉപദേഷ്ടാവിന് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, അവൻ ഇതിനുവേണ്ടി തയ്യാറെടുത്താലും ഇല്ലെങ്കിലും, അവന്റെ വാക്കുകൾ പ്രവൃത്തികളാൽ വിശകലനം ചെയ്യപ്പെട്ടുകൊണ്ടിരിക്കും. പൗലൊസിന്റെ നേട്ടം ആ ഉത്തരവാദിത്തത്തെ ഏറ്റെടുക്കുവാനുള്ള അവന്റെ താല്പര്യമാണ്. 9-ാം അദ്ധ്യായത്തിലുടനീളം, തന്റെ തന്നെ മാതൃക പിൻപറ്റണമെന്നുള്ള അപ്പൊസ്തലന്റെ പ്രസ്താവന നമുക്ക് ഇവിടെ കാണാം. ക്രിസ്ത്യാനികൾ തങ്ങളുടെ അധികാരങ്ങൾക്ക് മുൻഗണന കൊടുക്കുന്നതാണ് പ്രധാന്യമെന്ന് അവൻ വാദിച്ചു. കൊരിന്ത്യരോട് അവൻ ധൈര്യത്തോടുകൂടി പറഞ്ഞു, “ആകയാൽ എന്റെ അനുകാരികൾ ആകുവിൻ എന്നു, ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു” (4:16). സുവിശേഷം കേൾക്കുന്ന ആളുകൾ അവരെ പഠിപ്പിക്കുന്ന ഉപദേഷ്ടാക്കൻമാർ സുവിശേഷത്തിനനുസരിച്ച് ജീവിക്കണമെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. എല്ലാ ഉപദേഷ്ടാക്കൻമാരുടെയും കഴിവുകൾ ഒരു പരിധിവരെ അളക്കുവാൻ സാധിക്കുന്നത് അവനവന്റെ ഗുണമല്ല പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണംതന്നെ അന്വേഷിച്ചു എന്നതിലൂടെയാണ്.

## പ്രായോഗികത

### അനുയോജ്യവും പ്രയോജനവുമുള്ള ജീവിതം

പൗലൊസ് പറഞ്ഞു, സകലത്തിന്നും എനിക്കു കർത്തവ്യം ഉണ്ടു, എങ്കിലും സകലവും പ്രയോജനമുള്ളതല്ല (10:23 എ) ചില സന്ദർഭങ്ങളിൽ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന കാര്യങ്ങൾ സാങ്കേതികപരമായി തെറ്റല്ലായിരിക്കും, പക്ഷെ അവ സന്ദർഭോചിതമായിരിക്കണമെന്നില്ല. ഒരു ക്രിസ്ത്യാനി അയൽക്കാരനോടുള്ള സ്നേഹത്തിൽ താൻ പറയുന്നതും പ്രവർത്തിക്കുന്നതെല്ലാം അനുയോജ്യമാണോ എന്ന് പരിഗണിക്കണം.

ഒരു ക്രിസ്ത്യാനിയെ അവന്റെ വാക്കിലും പ്രവർത്തിയിലും ന്യായം വിധിക്കുവാൻ ഉചിതമായ വ്യത്യാസങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു. വാക്കുകളും പെരുമാറ്റവും ഒരു ചെറിയ കൂട്ടത്തെ സംബന്ധിച്ച് അനുയോജ്യമാണെങ്കിൽപോലും ഒരു വലിയ ജനക്കൂട്ടത്തെ സംബന്ധിച്ച് അവ തീർത്തും അനുയോജ്യമല്ല.

അവന്റെ സാഹചര്യത്തെക്കുറിച്ച് വാദിക്കുന്നതിനു പകരം ക്രിസ്ത്യാനികൾ മറ്റുള്ളവരെ പരിഗണിച്ചു തങ്ങളുടെ അധികാരങ്ങളെ ഒഴിവാക്കേണ്ടതാണ്, പൗലൊസ് ഒരു പൊതു തത്വം പ്രസ്താവിച്ചു. സകലവും അനുവദനീയമാണ്, ഒരുവൻ എല്ലാറ്റിനേയും സാങ്കേതികപരമായി പ്രതിരോധിക്കുവാൻ കഴിവുള്ള

വനായിരിക്കാം പക്ഷെ ഇതൊന്നും കേൾക്കുന്നവരുടെ ആത്മീക വർദ്ധനയ്ക്ക് കാരണമായെന്ന് വന്നേക്കില്ല (10:23). ക്രിസ്ത്യാനികൾ ചില പ്രവൃത്തികളും വാക്കുകളും സ്വകാര്യമായി സൂക്ഷിക്കണമെന്ന തത്വമാണ് അപ്പൊസ്തലൻ ഇവിടെ പഠിപ്പിക്കുന്നത്. അനുവദനീയവും ശരിയല്ലാത്തതുമായ കാര്യങ്ങളെ വേർതിരിക്കുന്ന സാമൂഹിക രേഖ പലപ്പോഴും മാറിമറിയുമ്പോൾ, ഒരു ക്രിസ്ത്യാനി അനുയോജ്യമായ പെരുമാറ്റത്തിന് മാതൃക കാണിക്കുന്നവനും ഉന്നത നിലയിലുള്ള വ്യത്യാസം കാത്തുസൂക്ഷിക്കുന്നവനും ആയിരിക്കണം.

**വീണ്ടെടുക്കപ്പെട്ടവർക്കുള്ള വാഗ്ദത്തങ്ങൾ**

കാണികളെ എന്നും ഹരം കൊള്ളിക്കുന്ന പ്രകടനങ്ങളാണ് സംഘടന മികവും, സംതുലനാവസ്ഥയും, സമുചിതനിമിഷവും, കൂടാതെ കായികാ ഭ്യാസവും നിറഞ്ഞവ, അപകടം ഉള്ളവ എന്നും നമ്മെ ആകർഷിക്കാറുണ്ട്. ഒരു അർദ്ധ-നിമിഷത്തെ തെറ്റുകൊണ്ട് ഗൗരവമായ പരുക്കുകളോ അല്ലെ ങ്കിൽ മരണമോ വരെ സംഭവിക്കാം. കൊരിന്തിലെ ക്രിസ്ത്യാനികളോടുള്ള പൗലൊസിന്റെ പരിഗണന അവരുടെ അശ്രദ്ധ മൂലം, ആത്മീക മരണം വരെ സംഭവിക്കാം എന്നുള്ളതാണ്. കായികാഭ്യാസികളെപോലെ, ക്രിസ്ത്യാനി കളും എന്നും-നില നില്ക്കുന്ന ഒരു ശത്രുവിനെ അഭിമുഖീകരിക്കണം: ആത്മ സംതൃപ്തി. ബഹുമാനിക്കപ്പെടുന്ന കഴിവുകളെ അവഗണിച്ചാൽ, ഒരിക്കലാ ണെങ്കിൽ പോലും, ദുരന്തത്തിനത് കാരണമായേക്കാം. പ്രലോഭനങ്ങളുടെ ശക്തിയെ വിലകുറച്ച് കണ്ടതു പല ക്രിസ്ത്യാനികളുടെയും, മരണത്തേക്കാൾ മോശമായ അവസാനത്തിലേക്ക് അവരെ നയിച്ചിട്ടുണ്ട്.

*പാപക്ഷമയുടെ വാഗ്ദാനം*. പാപങ്ങൾ മോചിക്കുവാനുള്ള യേശുവിന്റെ ശക്തിയിലാണ് ക്രിസ്ത്യാനികൾ ആശ്രയിക്കുന്നത്. ക്രിസ്തുവിൽ നാം സ്ന ാനം ഏറ്റുവെന്നും നമ്മുടെ പാപങ്ങൾ മോചിക്കപ്പെട്ടതിലൂടെ ക്രിസ്തീയ ജീവി തത്തിലേക്ക് സന്തോഷം കൂട്ടിച്ചേർക്കപ്പെട്ടുവെന്നും നാം ഉറപ്പോടെ ഓർമ്മിക്കേ ണ്ടതാണ്. ഇതിനെ ഉറപ്പിക്കുന്ന പൗലൊസിന്റെ വാക്കുകൾ തന്റെ ലേഖനങ്ങ ളിലുടനീളം ചിതറിക്കിടക്കുന്നു. ഒരു കൂട്ടം സഹോദരൻമാരെ അവൻ ഇങ്ങനെ ഓർപ്പിച്ചു, “അവനിൽ നിങ്ങൾ പരിപൂർണ്ണമായിരിക്കുന്നു, ... സ്നാനത്തിൽ ന ിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും, അവനെ മരിച്ചവരുടെ ഇടയിൽന ിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസ ത്താൽ, അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു” (കൊലൊ. 2:10-12). മറ്റു ക്രിസ്ത്യാനികൾക്ക്, അപ്പൊസ്തലൻ ഇങ്ങനെ എഴു തി, “ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു” (ഗലാ. 3:27).

ഒരു അനുതാപമുള്ള വിശ്വാസി കർത്താവിനെ അനുസരിച്ചു സ്നാനത്തി ലൂടെ അവനെ ധരിക്കുമ്പോൾ, അവനെയോ അവളെയോ ദൈവം ആത്മീക മായി രൂപാന്തരപ്പെടുത്തുന്നു. ഒരു പാപി, ദൈവത്തിൽ നിന്നകന്ന് യാതൊരു പ്രത്യാശയും ഇല്ലാത്താവൻ, സ്നാനത്തിലൂടെ ജലത്തിൽ നിമഞ്ജനം ചെയ്ത് യേശു ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടാവുന്നതാണ്. വെള്ള ത്തിൽ നിന്നുയരുമ്പോൾ ഈ പുതിയ ക്രിസ്ത്യാനി അവന്റേതായിത്തീരുന്നു. സ്നാനത്തിൽ, ഒരുവൻ വീണ്ടും ജനിക്കുന്നു. ക്രിസ്തുവിനോടുകൂടെ അട ക്കപ്പെട്ട്, പഴയ മനുഷ്യൻ മരിച്ച് വ്യത്യസ്ത രീതിയിലുള്ള ജീവിതത്തിനായി പുതിയ മനുഷ്യൻ വരുന്നു. സന്തോഷപദങ്ങളാൽ നാം പാടുന്നു, അവിടെ

ശക്തിയുണ്ട്, ശക്തിയുണ്ട്, ... കുഞ്ഞാടിന്റെ വിലയേറിയ രക്തത്തിൽ,[18] വീണ്ടെടുക്കപ്പെട്ടവുടേയും പാപം മോചിക്കപ്പെട്ടവരുടേയും കൂട്ടത്തിലുള്ളവനാണ് ഒരു വിശ്വാസിയെന്ന സ്ഥിരമായ ഉറപ്പ് സ്നാനം നല്കുന്നു.

ഇതെല്ലാം പൗലൊസ് അറിഞ്ഞിരുന്നു, അതുപോലെ തന്നെ കൊരിന്തിലുള്ള ക്രിസ്ത്യാനികളും അറിഞ്ഞിരുന്നു, എന്തായിരുന്നാലും, ക്രിസ്തുവിനോടുകൂടെയുള്ള സ്നാനത്തിൽ ലഭിക്കുന്ന ഐക്യതയുടെ അപകടത്തെക്കുറിച്ചും പൗലൊസിനു അറിയാമായിരുന്നു: അലംഭാവം എന്ന ഭീഷണി. ദൈവത്താൽ തിറഞ്ഞെടുക്കപ്പെടുകയും വീണ്ടെടുക്കുകയും ചെയ്ത ചില ആളുകൾ ദൈവകൃപയിൽ നിന്നുമാറി അവരുടെ പഴയ കാല പാപജീവിതത്തിലേക്കു തിരിഞ്ഞു .യിസ്രായേൽ മിസ്രയീം വിട്ടപ്പോൾ, അവർ ഒരു അർത്ഥത്തിൽ, സ്നാനമേറ്റു. അവർ ചെങ്കടൽ കടന്നപ്പോൾ അവർക്കു മുകളിലുണ്ടായിരുന്ന മേഘങ്ങളാൽ, അവർ ദൈവത്തിന്റെ സംരക്ഷണത്താൽ പൊതിയപ്പെട്ടിരുന്നു. ദൈവം അവരെ വീണ്ടെടുത്തിരുന്നു; യേശുക്രിസ്തുവിന്റെ രക്തത്താൽ കൊരിന്തിലുള്ള ക്രിസ്ത്യാനികളെ അവൻ വിലെക്കു വാങ്ങിയതുപോലെ അവരേയും വിലയ്ക്ക് വാങ്ങിയിരുന്നു. മരുഭൂമിയിൽ യിസ്രായേൽ ദൈവത്തോട് പാപം ചെയ്ത് ദൈവകോപത്തിന് പാത്രങ്ങളായി. അതുതന്നെ കൊരിന്ത്യരും ചെയ്യരുതെന്നുള്ളതായിരുന്നു അപ്പൊസ്തലന്റെ പ്രാർത്ഥന.

*തിരുവത്താഴത്തിന്റെ വാഗ്ദാനം.* പൗലൊസ് കൊരിന്ത്യർക്ക് എഴുതിയത് എപ്പോൾ വീണ്ടെടുക്കപ്പെട്ടവർക്കും എവിടെ ജീവിക്കുന്നവർക്കും പ്രാധാന്യമുള്ളതാണ്. തിരുവത്താഴം എന്നത് ഒരു ഓർമ്മപ്പെടുത്തൽ മാത്രമല്ല, അതൊരു ഉറപ്പു കൂടിയാണ്. ആത്മീക ആഹാരം ഭക്ഷിക്കുകയും ആത്മീക പാനീയം കുടിക്കുകയും ചെയ്യുന്നതുപോലെ, ക്രിസ്ത്യാനികൾ ക്രിസ്തുവുമായും മറ്റുള്ളവരുമായും കൂട്ടായ്മ പങ്കിടുന്നു (10:16). ചരിത്രം ഉപയോഗിച്ച് തുടർന്ന് പഠിപ്പിക്കുമ്പോൾ, മരുഭൂമിയിൽ യിസ്രായേലിന് ദൈവം കൊടുത്ത ആത്മീക ആഹാരത്തെയും പാനീയത്തേയും കുറിച്ച് പൗലൊസ് കൊരിന്ത്യരെ ഓർമ്മപ്പെടുത്തുന്നു. ഇത് തിരുവത്താഴം പോലെയല്ല, തത്വത്തിൽ ഇവ രണ്ടും പക്ഷേ ഒന്നാണ്. അപ്പൊസ്തലൻ ഇങ്ങനെ എഴുതി, എല്ലാവരും ഒരേ ആത്മീക ആഹാരം തിന്നു; “എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു, അവരെ അനുഗമിച്ച ആത്മീക പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു” (10:3, 4). പൗലൊസിന് അറിയാമായിരുന്നു “ക്രിസ്തുവിൽ” ആയിരിക്കുക എന്നതിൽ സ്നാനം തിരുവത്താഴം എന്നിവയിലും കൂടുതൽ കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നുവെന്ന്. ആത്മീക ശക്തിക്ക് ഇവ അടയാളമാകുന്നതുപോലെ, ദൈവീകമായ നല്ല-ജീവിതത്തിനും അവ ഉതകുന്നു, എന്നാൽ ഇതിന്റെ അച്ചാരമായുള്ളതല്ല.

---

കുറിപ്പുകൾ

[1]കാൾ ഹൊല്ലാടെ, *ദി ഫസ്റ്റ് ലറ്റർ ഓഫ് പോൾ റ്റു ദി കൊരിന്ത്യൻസ്*, ദി ലിവിംഗ് വേർഡ് കമന്ററി (അബിലേൻ, ടെക്സ്.: അബിലേൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റി പ്രസ്, 1979), 123. [2]ഡേവിഡ് ഇ ഗാർലന്റ്, *1 കൊരിന്ത്യൻസ്*, ബേക്കർ എക്സജെറ്റിക്കൽ കമന്ററി ഓൺ ദി ന്യൂ ടെസ്റ്റാമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്: ബേക്കർ അക്കഡെമിക്, 2003), 456–57. [3]ബെൻ വിതറിംഗ്ടൺ III ഇ ഉപമയെ ഇങ്ങനെ വിശദീകരിച്ചു: “രക്ഷാ ചരിത്രത്തിൽ ഉൾപ്പെടുന്ന സംഭവങ്ങളായി മറ്റുള്ളവരുടെ രക്ഷയ്ക്കായി

ആളുകളെയും സംഭവങ്ങളെയും, കൊുവരുന്നു എന്ന് മാത്രമല്ല, വ്യത്യസ്ത സ്വഭാവം ഒരിക്കലും മാറാതെ എന്നേക്കും നിലനില്ക്കുമെന്നും ഈ ഉപമ പ്രസ്താവിക്കുന്നു" (ബെൻ വിതറിംഗ്ടൺ III, *കേൺഫ്ളിജെറ്റിക് ആൻഡ് കമ്മ്യൂണിറ്റി ഇൻ കൊരിന്ത്: എ സോഷിയോ-റെറ്റേറിയൻ കമന്ററി ഓൺ 1 ആൻഡ് 2 കൊരിന്തയൻസ്* [ഗ്രാന്റ് ഓഫീസ്, മിഷ്.: ഡബ്ലിയു എം. ബി. എയർമൻസ് പബ്ലിഷിംഗ് കൊ., 1995], 217). [4]ഇവിടുത്തെ ഈ സംഖ്യ ചില പ്രശ്നങ്ങൾ ഉളവാക്കുന്നു: സംഖ്യാ പുസ്തകം 25:9 ൽ രേഖപ്പെടുത്തിയിരിക്കുന്നത് 24000 പേർ നശിച്ചുവെ ന്നാണ്. 1 കൊരിന്ത്യരിൽ 10:8 ലെ സംഖ്യയുമായി ഒത്തുചേർക്കുവാൻ ധാരാളം ശ്രമങ്ങൾ നടന്നിട്ടുങ്കിലും, അവയൊന്നും സംതൃപ്തി നൽകുന്നവയല്ല. ബാൽ പെരിയനിൽ എത്ര പേർ മരിച്ചു എന്നുള്ളതിന് പൗലൊസ് പറയുന്ന ചിന്തയുമായി യാതൊരു ബന്ധവുമില്ല. ഒരു യന്ത്രവിദഗ്ദ്ധനെ സംബ ന്ധിച്ച് ആയിരത്തിൽ-ഒരംശത്തിന് പ്രാധാന്യമുായിരിക്കും, എന്നാൽ ഇവിടെ അത്തരത്തിലുള്ള കൃത്യതയുടെ ആവശ്യമില്ല. ദൂരത്തെക്കുറിച്ച് പ്രസ്താ വിക്കുമ്പോൾ മൈലുകളോ കിലോമീറ്ററുകളോ ഏകദേശം പറയാറു്. വേദപ ുസ്തകം കൃത്യതയുള്ളതാണ് എന്നത് ഉറപ്പുള്ള കാര്യമാണ്. ബാൽ പെരിയോറിൽ 23000 പേരോ 24000 പേരോ നശിച്ചാലും. [5]റിച്ചാർഡ് ഇ. ഓസ്സർ, ജൂനിയർ, *1 കൊരി ന്തിയൻസ്*, ദി കോളജ് പ്രസ് എൻ ഐ വി. കമന്ററി (ജോപ്ലിൻ, മൊ.: കോളജ് പ്രസ് പബ്ലിഷിംഗ് കൊ., 1995), 236-37. [6]സിറാക് 33:1 (എൻ എ ബി). അപ്പോക്രിഫാ പുസ്തകമായ സിറാക് "സഭാ പ്രസംഗി" എന്നും അറിയപ്പെടുന്നു. [7]റോമ. 11:25; 12:16; 2 കൊരി. 11:19 നോക്കുക. ഇതേ യവന പദം 1 കൊരിന്ത്യർ 4:10 ൽ വിവേകികൾ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു. [8]ഗാർലെന്റ്, 478-79. [9]ബാറുക് 4:7 (എൻ എ ബി). [10]ഗാർലന്റ് 480.

[11]വേയ്ൻ എ. മിക്സ്, *ദി ഫസ്റ്റ് അർബൻ ക്രിസ്റ്റ്യൻസ്: ദി സോഷ്യൽ വേൾഡ് ഓഫ് ദി അപ്പോസ്റ്റൽ പോൾ*, 2ാം എഡ്. (ന്യൂ ഹെവൻ, കോൺ.: യാലെ യൂണിവേഴ്സിറ്റി പ്രസ്, 2003), 98. [12]പൗലൊസ് ഒന്നര വർഷത്തോളം പട്ടണത്തിൽ ചിലവഴിച്ചു. (പ്രവൃ 18:11). എഫസോസ് വഴി യെരുശലേമിലേക്കുള്ള അവന്റെ മടങ്ങി വരവ് ഏകദേശം ഒന്നര ര് വർഷങ്ങൾക്ക് ശേഷമായിരിക്കാം, അന്ത്യോക്യയിലും (പ്രവൃ 18:22), ഏഷ്യയിലെ "ഉയർന്ന രാജ്യം" (19:1). എഫസോസിൽ വന്നശേഷം കൊരിന്തിലെ സാഹചര്യങ്ങൾ പഠിക്കുവാൻ കുറച്ചു സമയം വേി വന്നി രിക്കാം. അവൻ 1 കൊരിന്ത്യർ എഴുതുന്നതിന് മുമ്പ് അവർക്ക് ഒരു ലേഖനം എഴുതിയിരുന്നിരിക്കാം (1 കൊ 5:11 നോക്കുക). [13]ചർച്ചയ്ക്കും തർക്കത്തിനും ഉതകുന്ന "അന്വേഷിക്കുക" (ζητέω, *സേറ്റിയോ*) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. [14]ജെറോം മർഫി-ഓ' കോണർ, *സെയിന്റ്. പോൾസ് കൊരിന്ത്: ടെക്സ്റ്റ് ആൻഡ് ആർക്കിയോളജി*, 3ാം റവ. എക്സ്പ്. എഡ്. (കോളെജ്‌വില്ലെ, മിൻ.: ലിറ്റർജിക്കൽ പ്രസ്സ്, 2002), 30. തെളിവുകൾ ശേഖരിച്ചതിനുശേഷം, യവന മാംസചന്തയെപ്പറ്റി ഗാർലന്റ് പ്രസ്താവിച്ചത് "വിൽപ്പനയ്ക്ക് വച്ചിരു ന്നവയെല്ലാം വിഗ്രഹാർപ്പിതങ്ങൾ ആണെന്ന് പറയുവാൻ കഴിയില്ല എന്നാ ണ്" (ഗാർലന്റ്, 491-92). [15]മറ്റു വേദപണ്ഡിതൻമാർ, ആർ. സി. ഹെച്ച്. ലെൻസ്കിയെ പോലുള്ളവർ, തർക്കിക്കുന്നത് "ഒരുവൻ" എന്നുദ്ദേശിക്കുന്നത് മറ്റൊരു സഹോദരനെയാ ണെന്നാണ്. ഈ കാഴ്ചപ്പാട് ശരിയാണെങ്കിൽ, ബലഹീന/ബലമുള്ള സഹോദരൻ എന്ന സാഹചര്യം പരിഗണിക്കാവുന്നതാണ്. (ആർ. സി. ഹെച്ച്. ലെൻസ്കി, *ദി ഇന്റർപ്രട്ടേഷൻ ഓഫ് സെയിന്റ്. പോൾസ് ഫസ്റ്റ് ആൻഡ് സെക്കൻഡ് എപ്പിസെൽസ് റ്റു ദി കൊരിന്ത്യൻസ്* [മിന്നാപോലീസ്: ഓഗ്സ്ബർഗ് പബ്ലിഷിംഗ് ഹൗസ്, 1937], 421.) [16]പൗലൊസിന്റെ εἰδωλόθυτον (*ഇഡോലൊതൂറ്റോൺ;* 10:19) എന്ന പദത്തിൽ നിന്നും ἱερόθυτον (*ഹിറോതൂറ്റോൺ;* 10:28). എന്ന മാറ്റം മനസ്സിലാക്കുക

എന്നുള്ളത് വള രെയധികം ബുദ്ധിമുട്ട് നിറഞ്ഞ ഒരു കാര്യമാണ്. വിദ്യാസമ്പന്നരായ ജാതി കൾ വിവിധ രീതിയിൽ വ്യാഖ്യാനിച്ചു എങ്കിലും, അവൻ ര് പദങ്ങളും മാറി മാറി ഉപയോഗിച്ചതായാണ് കാണുന്നത്. [17]തെർത്തുല്യൻ *അപ്പോളജി* 40.2. [18]ലെവിസ് ഇ.ജോൺസ്, "ദെയർ ഇസ് പവർ ഇൻ ദി ബ്ലഡ്," *സോംഗ്സ് ഓഫ് ഫെയ്ത് ആൻഡ് പ്രേയ്സ്*, കോമ്പ്. ആൻഡ് എഡ്. അൽട്ടൺ ഹെച്ച്. ഹൊവാർഡ് (വെസ്റ്റ് മോൺറേ, ലാ.: ഹോവാർഡ് പബ്ലിഷിംഗ് കൊ., 1994).